കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുത്തിയതോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എ.എൽ.പി-പി2.406/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.25.05.2020

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുത്തിയതോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കുത്തിയതോട് ഗ്രാമപഞ്ചായത്ത്-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 -ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ- എ.എൽ.പി- പി.2-406/2020 തീയതി: 25.05.2020

# ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 09.06.2018 മുതൽ 31.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.വി. സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.11.2019 മുതൽ 15.11.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ [ഹ.ഗ്രേ.]<br>ശ്രീമതി മായ.വി. ഓഡിറ്റ് ഓഫീസർ<br>ശ്രീ. രാജേഷ്.കെ.ജി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.പ്രീത., ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി. പ്രേമ രാജപ്പൻ | 01.04.2018 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ.പി.എസ്.വിപിനചന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| | |

## സ്റ്റാന്റിംഗ് കമ്മറ്റി

| | | |
|---|---|---|
| ആരോഗ്യ വിദ്യാഭ്യാസം | ശ്രീ.കെ.കെ.സജീവൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വികസനകാര്യം | ശ്രീ.ധനേഷ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷേമകാര്യം | ശ്രീമതി.ഗീതാരാജി | 01.04.2018 മുതൽ 31.03.2019 വരെ |
| ധനകാര്യം | ശ്രീമതി.മേരി ജോസി | 01.04.2018 മുതൽ 31.03.2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സൗമ്യ.ആർ.എസ്. | 01.04.2018 മുതൽ 24.07.2018 FN വരെ |
| | ശ്രീ.ജിജ്ജു.വി. | 24.07.2018 AN മുതൽ 17.03.2019 FN വരെ |
| | ശ്രീ.ഷംനാദ് | 17.3.2019 AN മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി..എച്ച്.സി. | ഡോ.സേതുമാധവൻ.കെ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ഗീത | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ,ആയൂർവേദം | ഡോ.ജിജിമോൾ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സൂസമ്മ.പി.വി. | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. സംഗീത് നാരായണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജയശ്രീ.പി.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, നാലുകുളങ്ങര | ശ്രീ.മഹേഷ്. | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ,കുത്തിയതോട് | ശ്രീ.സന്ദീപ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ആഷ.ബി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.ജലജ.വി.പൈ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.പി.എം.ഉഷ. | 01.04.2018 മുതൽ 31.03.2019 വരെ |
| സബ്ഇൻസ്പക്ടർ ഓഫ് ഫിഷറീസ് | ശ്രീ.സുദർശൻ | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1–1 മുതൽ 1– | ബജറ്റ് |

| | | |
|---|---|---|
| | 10 വരെ | |
| 2 | 1-11 | തൊഴിൽ നികുതി-അപാകതകൾ |
| 3 | 1-12 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 4 | 1-13 | സാംഖ്യാ സോഫ്റ്റ്‌വെയറിലെ പിഴവ്- Vulnerability in Saankhya Software |
| 5 | 1-14 | വി.ഇ.ഒ നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 6 | 1-15 | സ്ട്രീറ്റ് ലൈൻ വലിക്കൽ - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല |
| 7 | 1-16 | തെരുവ് വിളക്ക് പരിപാലനം - നടപടിക്രമങ്ങൾ പാലിക്കുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും വീഴ്ച വരുത്തുന്നു |
| 8 | 1-17 | ചെലവുരേഖകൾ ഹാജരാക്കിയില്ല |
| 9 | 1-18 | മരുന്നുകൾ ലഭ്യമായില്ല |
| 10 | 1-19 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ-രേഖകൾ ഹാജരാക്കിയില്ല |
| 11 | 1-20 | ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 12 | 1-21 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽകൂട്ടുന്നത് |
| 13 | 1-22 | പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നത് |
| 14 | 1-23 | അഗ്രോ സർവ്വീസ് സെന്ററിന് സബ്സിഡി - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല |
| 15 | 1-24 | തെങ്ങിന് മരുന്നുതളി - അംഗീകൃത പ്രോജക്ടിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല |
| 16 | 1-25 | അങ്കണവാടികൾ -അവലോകനം |
| 17 | 1-26 | അഗതി- ആശ്രയ -ഭക്ഷ്യധാന്യ വിതരണരേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 18 | 1-27 | കെ.പി. റോഡ് കുന്നത്തമ്പലം റോഡ് മെറ്റലിംഗ്, ടാറിംഗ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 19 | 1-28 | ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കിയ ചില മരാമത്ത് പ്രവൃത്തികളിൽ തുക അധികം നൽകി |
| 20 | 1-29 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- പൊതു അപാകതകൾ |
| 21 | 1-30 | പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല |
| 22 | 1-31 | ബിറ്റുമിൻ - സ്റ്റോക്ക് ഇഷ്യൂ ബാലൻസ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല |
| 23 | 1-32 | കുന്നേൽ കോളനി റോഡ് റീടാറിംഗ്-അധിക തുക നൽകി |
| 24 | 1-33 | അമാൽഗം കോളനി റോഡ് പാലത്തിങ്കൽ ഒട്ടാരം റോഡ് ടൈൽ വിരിക്കൽ എന്ന കരാർ പ്രവൃത്തിയിൽ സ്രോതസ്സിൽ നിന്നും നിയമാനുസൃത നിരക്കിൽ ചരക്ക് സേവന നികുതി ഈടാക്കിയില്ല |
| 25 | 1-34 | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം – 2 | | |
| ഇല്ല | | |
| ഭാഗം-3 | | |
| 26 | 3-1 | വി.ഇ.ഒ നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 27 | 3-2 | കുന്നേൽ കോളനി റോഡ് റീടാറിംഗ്-അധിക തുക നൽകി |

| | | |
|---|---|---|
| 28 | 3-3 | ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കിയ ചില മരാമത്ത് പ്രവൃത്തികളിൽ തുക അധികം നൽകി |
| 29 | 4-1 മുതൽ 4-11 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 30 | അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 31 | അനുബന്ധം 2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

20.03.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 135296770 | 1381143520 |
| വാർഷികകണക്ക് പ്രകാരം | 81731477 | 73094212 |

**1-2 വാർഷികധനകാര്യപത്രിക**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 27.5.2019 | | |

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 12423867 |
| വരവ് | 81731477 |
| ആകെ | 94155344 |
| ചെലവ് | 73094212 |
| നീക്കിയിരിപ്പ് | 21061132 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 20642033 | 20642033 | 20344708 | 297325 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 4721000 | 4721000 | 3816276 | 904724 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 220000 | 220000 | 220000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 1540000 | 1540000 | 619910 | 920090 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4180000 | 4180000 | 2482330 | 1697670 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 10380493 | 10380493 | 4926586 | 5453907 |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 108752432 | 102 | 56576617 | | 56 | 64.55% |

**ചെലവ് പത്രികയിലെ ചെലവും യഥാർത്ഥചെലവും തമ്മിലുള്ള അന്തരം**

1) വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും (S0168/19)എന്ന സ്പിൽ ഓവർ പ്രോജക്ടിനായി 2018-19 വർഷം തുക ചെലവഴിച്ചിട്ടില്ല. എന്നാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം തനതുഫണ്ടിൽ നിന്നും 24000/- രൂപ ചെലവ് കാണിച്ചിട്ടുണ്ട്.

2) ഗ്രാമപഞ്ചായത്തിൽ പദ്ധതി നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾക്കായി അംഗീകാരം ലഭിച്ച S0013/19-ാം നമ്പർ പ്രോജക്ടിൽ തനതുഫണ്ടിൽ നിന്നും വകയിരുത്തിയ 300000/- രൂപയിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ് പ്രകാരം ചെലവഴിച്ച തുക 0 ആണ്.

**1-6 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 474024 | 551311 | 1025335 | 843282 | 182053 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 66812718 | 66812718 | 66812718 | |
| ആകെ | 474024 | 67364029 | 67838053 | 67656000 | 182053 |

**1-7 ക്ഷേമ പദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 527040 | 305 |
| കർഷകതൊഴിലാളി പെൻഷൻ | 2509600 | 205 |
| വിധവാപെൻഷൻ | 8766000 | 718 |
| വാർദ്ധക്യകാലപെൻഷൻ | 27343100 | 2346 |
| വികലാംഗപെൻഷൻ | 3801700 | 290 |
| അവിവാഹിത പെൻഷൻ | 1238400 | 99 |

**1-8. കാഷ് ബാലൻസ്**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.11.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,27,816/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9. ആഭ്യന്തരനിയന്ത്രണം**

1.ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ കൃത്യമായി ഉൾപ്പെടുത്തുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.ഗ്രാമ പഞ്ചായത്തിൽ പണം സൂക്ഷിക്കുന്നതിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.

3.ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ (എം.എസ്.) 123/2009/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നില്ല.

4.ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്ന അപേക്ഷകൾക്കും പരാതികൾക്കും യഥാസമയം സേവനം ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല.

5.ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

6.ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും വിലയിരുത്തൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

7.വൗച്ചറുകൾ ക്രമമായി ബൈന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ടെങ്കിലും പല വൗച്ചറുകളിലും പെയ്മെന്റ് ഓർഡർ വയ്ക്കുകയോ, വൗച്ചർ നമ്പർ എഴുതുകയോ ചെയ്തിട്ടില്ല.

**1-10.മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.10.2019 | സെപ്തംബർ | 01.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.02.2018 | 2012 മുതൽ 2017 വരെ | 21.06.2018 |

# 1-11 തൊഴിൽ നികുതി-അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ തൊഴിൽ, കല, ജോലി എന്നിവയിലേർപ്പെടുകയോ ഉദ്യോഗം വഹിക്കുന്നതോ ആയ എല്ലാവരും നിയമപ്രകാരമുള്ള വരുമാന സ്ലാബിനനുസൃതമായ തൊഴിൽ നികുതി നൽകേണ്ടതാണ്. 2018-19 കാലയളവിൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന

(1)തഴപ്പ് ക്ഷീരോൽപ്പാദക സഹകരണ സംഘം
(2)ഉറവൂർ(വടക്ക് )ക്ഷീരോൽപ്പാദക സഹകരണ സംഘം -നം-A 251(D)Apcos,

(3)പള്ളിത്തോട് ക്ഷീരോൽപ്പാദക സഹകരണ സംഘം -നം-A 247(D)Apcos,

(4) 5 കള്ളുഷാപ്പുകൾ

(5)14 റേഷൻ കടകൾ

(6)കോൺട്രാക്ടർമാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും തൊഴിൽ നികുതി കുടിശ്ശികയുൾപ്പെടെ പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുകയാണെന്നും അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നം.20ന് സെക്രട്ടറി നൽകിയ മറുപടിയിൽ നിന്നുമുള്ള വിവരങ്ങൾ)

<u>**സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**</u>

| ക്രമ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|

| നം. | | |
|---|---|---|
| 1 | ബി.എസ്.എൻ എൽ,കുത്തിയതോട് | 1&2 |
| 2 | പറയക്കാട് റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1&2 |
| 3 | ഇൻഫാബ് | 1&2 |
| 4 | തഴപ്പ് ക്ഷീരോൽപ്പാദക സഹകരണ സംഘം | 1&2 |
| 5 | തുറവൂർ(വടക്ക്)ക്ഷീരോൽപ്പാദക സഹകരണ സംഘം -നം-A 251(D)Apcos | 1&2 |
| 6 | പള്ളിത്തോട് ക്ഷീരോൽപ്പാദക സഹകരണ സംഘം -നം-A 247(D)Apcos | 1&2 |

**തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്**

സബ് രജിസ്ട്രർ ഓഫീസ്, കുത്തിയതോട് ജീവനക്കാരിയായ മണിയമ്മ പി.ജെ.യുടെ അർദ്ധവാർഷിക വരുമാനം യഥാക്രമം ഒന്നാം അർദ്ധവർഷം 64720/- രൂപയും, രണ്ടാം അർദ്ധവർഷം 60756/- രൂപയെന്നുമാണ് പത്രിക പ്രകാരം സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ടിയാളിൽ നിന്ന് 600/- രൂപ വീതം തൊഴിൽ നികുതി ഈടാക്കേണ്ടതാണെങ്കിലും രണ്ട് അർദ്ധവർഷങ്ങളിലും 450/- രൂപ വീതം മാത്രമേ ഈടാക്കിയിട്ടുള്ളൂ.കുറവു വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി കൃത്യമായും കാര്യക്ഷമമായും പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-12 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ പഞ്ചായത്ത് രാജ് ആക്ട് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ) സെക്ഷൻ 232 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2018-19 വർഷത്തിൽ ലൈസൻസ് എടുത്തതായി കാണുന്നില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ 2018-19 വർഷം ലൈസൻസ് എടുത്തിട്ടില്ല. നിലവിലും ഇവ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്.

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 20 ന് നൽകിയ മറുപടിയിൽ റേഷൻ കടകൾ,കള്ള് ഷാപ്പുകൾ എന്നിവർക്ക് ലൈസൻസ് എടുക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 1-13 സാംഖ്യാ സോഫ്റ്റ്‌വെയറിലെ പിഴവ്- Vulnerability in Saankhya Software

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷം നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്ട് (പ്രോനം.79/19) പ്രകാരം ശ്രീമതി.സന്ധ്യ, നെടുംപറമ്പിൽ എന്ന ഗുണഭോക്താവിന്റെ ആധാർ നമ്പർ 84xxxxxxx485 സാംഖ്യാ സോഫ്റ്റ്‌വെയറിൽ ചേർക്കവേ "Beneficiary Against this Aadhar is already entered" എന്നു കാണുകയും Beneficiary ID നേരത്തെ രൂപീകരിച്ചതായി ബോധ്യപ്പെട്ടതിനാൽ ആനുകൂല്യത്തിന്റെ മുൻകൂർ തുകയായ 20000/- രൂപ ഓൺലൈൻ ട്രാൻസ്ഫറായി നൽകുകയും ചെയ്തിരുന്നു. എന്നാൽ ഗുണഭോക്താവിന് തുക ലഭിച്ചിട്ടില്ലെന്ന പരാതിയിന്മേൽ വിശദപരിശോധന നടത്തിയപ്പോൾ ടി തുക ശ്രീമതി. ഷൈബ, നികർത്തിൽ എന്ന വ്യക്തിയുടെ ബാങ്ക് അക്കൌണ്ടിലാണ് ക്രെഡിറ്റായതെന്ന് ബോധ്യമായതിനാൽ

ശ്രീമതി. ഷൈബയിൽ നിന്നും തുക ഈടാക്കി ശ്രീമതി സന്ധ്യയുടെ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ അങ്കണവാടി ഹെൽപ്പർമാർക്കുള്ള ഓണറേറിയം നൽകുന്നതിനായി Beneficiary ID രൂപീകരിച്ചപ്പോൾ അങ്കണവാടി ഹെൽപ്പറായ ശ്രീമതി സന്ധ്യയുടെ Beneficiary Payment details-ൽ മറ്റൊരു അങ്കണവാടി ഹെൽപ്പറായ ശ്രീമതി ഷൈബയുടെ ബാങ്ക് അക്കൌണ്ടാണ് ചേർത്തിരുന്നത്.

പിന്നീട് സാംഖ്യാ സോഫ്റ്റ്‌വെയറിൽ ശ്രീമതി സന്ധ്യയുടെ Beneficiary ID എഡിറ്റ് ചെയ്ത് ശരിയായ ബാങ്ക് അക്കൌണ്ട് വിവരം രേഖപ്പെടുത്തി ബാക്കി ആനുകൂല്യ തുക നൽകിയതായും കാണുന്നു.

ട്രഷറിയിൽ സമർപ്പിച്ച Treasury Paid Bill പകർപ്പ് പരിശോധിച്ചതിൽ ശ്രീമതി സന്ധ്യയുടെ പേരിനു നേരെ ശ്രീമതി ഷൈബയുടെ A/c No. 35xxxxxxx808 ഉം UTR No. U000000505250048 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഓഡിറ്റ് സമയത്ത് ഹാജരാക്കിയ Treasury Paid Bill റിപ്പോർട്ടിൽ ഗുണഭോക്താവായ ശ്രീമതി സന്ധ്യയുടെ അക്കൌണ്ട് നമ്പരായ 20xxxxxx821 ന് നേരെ UTR No. U000000505250048 ആണ് റിപ്പോർട്ടായി ലഭിച്ചിട്ടുള്ളത്. ഇത് ഗുരുതരമായ ഒരു സോഫ്റ്റ്‌വെയർ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. കാരണം അനർഹരായ വ്യക്തികളുടെ അക്കൌണ്ട് നമ്പരിലേയ്ക്ക് തുക കൈമാറാനും പിന്നീട് തുക കൈമാറിയതിനു ശേഷം എഡിറ്റ് ചെയ്ത് അർഹതപ്പെട്ട ഗുണഭോക്താവിന്റെ അക്കൌണ്ട് നമ്പർ ചേർത്തതിന് ശേഷമുള്ള Treasury Paid Bill -ന്റെ റിപ്പോർട്ടിൽ എഡിറ്റ് ചെയ്തതിനു ശേഷമുള്ള വിവരം ലഭിക്കുന്നതിനാൽ പരിശോധനയിലും ക്രമക്കേട് കണ്ടെത്താൻ കഴിയാത്ത സാഹചര്യം സംജാതമാകുന്നു. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 വി.ഇ.ഒ നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാണം പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഭവനപുനരുദ്ധാരണം (എസ്.സി.) എന്ന പ്രോജക്ടിൽ (പ്രോ നം. 165/19) അടങ്കൽ 11,25,000/- രൂപ (വികസന ഫണ്ട് 11 ലക്ഷം, തനത് ഫണ്ട്- 25000) നിശ്ചയിച്ച് 11,25,000/- രൂപ ചെലവ് വന്നതായി സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തിട്ടില്ല. ശ്രീമതി.ശാന്ത മുട്ടുതറ എന്ന ഗുണഭോക്താവ് 78000/- രൂപയുടെ പ്രവൃത്തിയുടെ എസ്റ്റിമേറ്റും മൂല്യ നിർണ്ണയ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ടിയാൾക്ക് ആകെ 50000/- രൂപയാണ് നൽകിയിട്ടുള്ളത് (ബിൽ നം. 18/18-19/15.11.18-265000/- പിൻവലിച്ചതിൽ നിന്ന് 35000/- രൂപയും ബിൽ നം. 28/18-19/25.03.19- 95000/- പിൻവലിച്ചതിൽ നിന്ന് 15000 രൂപയും). വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. വി.ഇ.ഒ യുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹതയ്ക്കനുസൃതമായി ബാക്കി തുക നൽകേണ്ടതാണ്.

ശ്രീമതി.ചന്ദ്രിക മോഹനൻ എന്ന ഗുണഭോക്താവ് ഹാജരാക്കിയ എസ്റ്റിമേറ്റും മൂല്യനിർണ്ണയ സാക്ഷ്യപത്രവും 74000/- രൂപയുടേതാണ്. എന്നാൽ ടിയാൾക്ക് 75000/ - രൂപ നൽകിയതായി കാണുന്നു. (ബിൽ നം. 8/18-19/22.09.18-പ്രകാരം പിൻവലിച്ച 245000/- നിന്നു 35000/- രൂപയും ബിൽ നം. 12/18-19/15.10.18 പ്രകാരം പിൻവലിച്ച 1,70,000/- നിന്ന് 40000/- രൂപയും ഉൾപ്പെടെ ആകെ 75000/- രൂപ).

കൂടാതെ മേൽ പ്രോജക്ടിലെ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ മിക്ക ഗുണഭോക്താക്കളും പട്ടികജാതി വികസനവകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. മൂല്യനിർണ്ണയത്തിലധികരിച്ച് നൽകിയ 1000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-15 സ്ട്രീറ്റ് ലൈൻ വലിക്കൽ - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല

2017-18 വർഷം ആരംഭിച്ച് സ്പിൽ ഓവർ ആയി തുടരുന്ന ഈ പ്രോജക്ടിനായി (നം: S0102/19)തൻവർഷം ജില്ലാ പഞ്ചായത്ത് വിഹിതം 600000/- രൂപയാണ് വകയിരുത്തിയിരുന്നത്. ഗ്രാമ പഞ്ചായത്തിലെ 1 മുതൽ 16 വരെ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 1103955/-

രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതനുസരിച്ച് 6 ലക്ഷം രൂപ 2017-18 വർഷം കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തു. ജില്ലാ പഞ്ചായത്ത് വിഹിതം 2017-18 വർഷം ലഭിക്കാതിരുന്നതിനാൽ പ്രോജക്ട് സ്പിൽ ഓവർ ആകുകയും 2018-19 വർഷത്തിൽ തുക ലഭിച്ചതിനെത്തുടർന്ന് 503949/- രൂപ ചെക്ക് നം. 1566061/19.09.2018 പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിക്കുകയും ചെയ്തു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/10.11.2019) പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെന്നും എസ്റ്റിമേറ്റിൽ മാറ്റം വന്നിട്ടുണ്ടെന്നും പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകാത്തതിനാലാണ് പ്രവൃത്തി ആരംഭിക്കാത്തതെന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. പ്രവൃത്തി ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 1945368/- രൂപയും കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 190000/- രൂപയും വിനിയോഗിക്കപ്പെടാത്തതായി കാണുന്നു. ഇതിന്റെ നിർവ്വഹണപുരോഗതിയുടെ വിവരങ്ങൾ ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അടുത്ത ഓഡിറ്റിൽ ഹാജരാക്കാമെന്നാണ് മറുപടി നൽകിയത്. ജനങ്ങൾക്ക് പ്രയോജനപ്രദമാകേണ്ട പദ്ധതിപ്പണം സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്. പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-16 തെരുവ് വിളക്ക് പരിപാലനം - നടപടിക്രമങ്ങൾ പാലിക്കുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും വീഴ്ച വരുത്തുന്നു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി രണ്ടു പ്രോജക്ടുകളും സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി രണ്ടു പ്രോജക്ടുകളും (സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ) നടപ്പാക്കിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകൾ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾപോലും സൂക്ഷിക്കാതെയാണ് തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുന്നത്. തെരുവ് വിളക്കുപരിപാലനവുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1) ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടെ പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) കേടായ ഉപകരണങ്ങൾ തിരികെ ഏല്പിച്ചതിന്റെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് സൂക്ഷിച്ചിട്ടില്ല.

3) ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയിട്ടില്ല.

4) തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനും തുടർനടപടികൾക്കുമായി നോഡൽ ഓഫീസറെ നിയമിച്ചിട്ടില്ല. പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5) സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. കരാറുകാരൻ കൈപ്പറ്റിയ ഉപകരണങ്ങളുടെ എണ്ണവും ബാലൻസ് ഉള്ള ഉപകരണങ്ങളുടെ എണ്ണവും കൃത്യമായി രേഖപ്പെടുത്തുന്നില്ല.

ഈ വിഷയത്തിൽ വിശദീകരണം/രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.4/10.11.2019) രജിസ്റ്ററുകൾ പൂർണ്ണമല്ല എന്ന് സെക്രട്ടറി അറിയിച്ചെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത അപാകതകൾ പരിഹരിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ചെലവുരേഖകൾ ഹാജരാക്കിയില്ല

19.06.2018 ലെ വൌച്ചർ 51800168 പ്രകാരം 1,60,000/-രൂപ [10,000/വാർഡ്] പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും, 51800552/27.11.18 പ്രകാരം 2,25,000/-രൂപയും വാർഡ് 3,4,5,6,7,8,10,12,14 എന്നീ വാർഡുകളിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തുന്നതിനും [പ്രളയഫണ്ട്] മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിരുന്നു. ആയതിന്റെ പരിശോധനയ്ക്ക് ചെലവുരേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/11.11.2019) പ്രകാരം 2,25,000/- രൂപയുടെ രേഖകൾ ഹാജരാക്കിയിരുന്നു. എന്നാൽ 1,60,000/- രൂപയുടെ ചെലവുരേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ രേഖകൾ ലഭ്യമാകുന്നതുവരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-18 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പള്ളിത്തോട് നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾക്കായി താഴെപ്പറയും പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നൽകിയ തുകകൾക്കനുസരിച്ചുള്ള മരുന്നുകൾ ലഭ്യമായില്ല എന്നു കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | ബിൽ നം./ തീയതി |
|---|---|---|---|---|
| 1.. | 10/18-19<br>പള്ളിപ്പാട് പി.എച്ച്.സി.ന് വാങ്ങൽ | 1,00,000<br>മെയി.റോഡിതരം | 1,00,000 | 9/18-19/2.3.2019 |
| 2. | 8/18-19<br>പാലിയേറ്റീവ് കെയർ | 6,00,000<br>വികസനഫണ്ട് | 5,83,700<br>(മരുന്നിനായി ചെലവിട്ടത്<br>95,800/-) | 10/18-19 |
| | | ആകെ | 1,95,800/ | |

മരുന്നുകൾ ലഭ്യമായ വിവരം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/10.11.19) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെയും അവ സ്റ്റോക്ക് എൻട്രി വരുത്തി വിതരണം ചെയ്തതിന്റേയും രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ- രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. 90/18-19 വൃദ്ധർക്ക് കട്ടിൽ വിതരണം

അടങ്കൽ : 7,00,000/- വികസനഫണ്ട്

ചെലവ് : 7,00,000/-ബിൽ നം.5/18-19/26.01.2019

'ടി പ്രോജക്ട് പ്രകാരം 7,00,000/-രൂപ പിൻവലിച്ച് മെഗാ എഞ്ചിനീയേഴ്സിൽ നിന്നും 185 കട്ടിൽ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് പരിശോധനയ്ക്ക് താഴെപ്പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/10.11.2019) മറുപടി ലഭ്യമാക്കിയില്ല.

1)സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖ

2)185 ഗുണഭോക്താകളുടെ അപേക്ഷയും അനുബന്ധരേഖകളും

3) ഗുണഭോക്തൃലിസ്റ്റ്

4) സ്റ്റോക്ക് രജിസ്റ്റർ

5) കട്ടിൽ വിതരണം ചെയ്തതിന്റെ രേഖകൾ

ടി രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം. 53/18-19 ഉറവൂർ സി.എച്ച്.സി.യിൽ ഡയാലിസിസ് യൂണിറ്റിനു ധനസഹായം

അടങ്കൽ : 1,20,000/- മെയിന്റനൻസ് റോഡിതരം

ചെലവ് : 1,20,000/-ബിൽ നം.6/18-19/3.12.2018

ടി പ്രോജക്ട് പ്രകാരം ഉറവൂർ സി.എച്ച്.സി.യിൽ ഡയാലിസിസ് യൂണിറ്റിനു ധനസഹായം നൽകുന്നതിനായി മെയിന്റനൻസ് റോഡിതരത്തിൽ നിന്നും 1,20,000/- രൂപ പിൻവലിച്ച് 31.12.2018 ന് ചെക്കായി ഉറവൂർ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. യ്ക്ക് നൽകിയിരുന്നു. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/10.11.2019) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽകൂട്ടുന്നത്

ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ നിയമാനുസൃതം തയ്യാറാക്കിയിട്ടില്ല. ഓരോ വർഷവും ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന നിക്ഷേപങ്ങളും അവയുടെ തിരികെ നൽകലും കൃത്യമായി തയ്യാറാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 282, കേരള പബ്ലിക് വർക്ക്സ് അക്കൗണ്ട് കോഡ് ഖണ്ഡിക 15.4 എന്നിവ പ്രകാരം വിവിധ നിക്ഷേപങ്ങൾ തിരികെ നൽകാൻ അർഹമായ തീയതി മുതൽ 3 പൂർണ്ണ സാമ്പത്തിക വർഷത്തിനുള്ളിൽ നിക്ഷേപകൻ അവകാശപ്പെട്ടിട്ടില്ലായെങ്കിൽ ആയത് ഓരോ വർഷവും മാർച്ച് അവസാനം സർക്കാരിലേക്ക് മുതൽ കൂട്ടേണ്ടതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 75 പ്രകാരം പണമിടപാടുമായി ബന്ധപ്പെട്ട് ഈ ചട്ടത്തിൽ നിർദേശിക്കപ്പെട്ടിട്ടില്ലാത്ത സംഗതികളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ചട്ടങ്ങളിലെയും മാർഗരേഖകളിലെയും നിബന്ധനകൾ ബാധകമായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. ആയതിനാൽ പഞ്ചായത്തിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതും കാലഹരണപ്പെട്ടതുമായ വിവിധയിനം നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടപ്പെടേണ്ടതാണ്. എന്നാൽ കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ മൂന്നു വർഷത്തിൽ അധികം നാളായി അവകാശപ്പെടാതായി അവശേഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങളില്ലാത്തതിനാൽ ഇവ പൂർണ്ണമായും തിരികെ നൽകാനുള്ളവ തന്നെയാണോ എന്നത് വ്യക്തമല്ല. ആയത് പരിശോധിച്ച് തിരികെ നല്കാൻ അർഹമായ തീയതി മുതൽ 3 പൂർണ്ണ സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ഇക്കാര്യത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നത്

സ. ഉ (പി) 7/2016/ഫിൻ, തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 – 2018-19 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 3 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ഒരു ഗഡു പണമായി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ

ഉത്തരവിലെ ഖണ്ഡിക 48 (1) പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ശമ്പളപരിഷ്കരണത്തിനാനുപാതികമായി അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ച 1,2,3 ഗഡുക്കൾക്കാനുപാതികമായി ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2,3 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടുണ്ടോയെന്ന അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (7/10.11.2019) മറുപടി ലഭ്യമാക്കിയില്ല. തുക അടവാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-23 അഗ്രോ സർവ്വീസ് സെന്ററിന് സബ്സിഡി - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി, അഗ്രോ സർവ്വീസ് സെന്റർ നൽകുന്ന പ്രവർത്തനങ്ങൾക്ക് സബ്സിഡി നൽകുന്നതിന് വികസനഫണ്ട് 100000/- രൂപയും ഗുണഭോക്തൃവിഹിതം (സ്വയം വഹിക്കുന്നത്) 300000/- രൂപയും വകയിരുത്തി അംഗീകാരം ലഭിച്ച പ്രോജക്ടിൽ (പ്രോജക്ട് നം.S0085/19) അഗ്രോ സർവ്വീസ് സെന്റർ നൽകിയ ഇൻവോയ്സ് പ്രകാരം ലാന്റ് ഡെവലപ്പ് മെന്റിന് 25 % സബ്സിഡി നൽകി. ഇപ്രകാരം സബ്സിഡി അനുവദിക്കുമ്പോൾ 14.02.2018-ലെ ജി.ഒ.(എം.എസ്) 22/2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം അഗ്രോ സർവ്വീസ് സെന്റർ നൽകുന്ന സേവനങ്ങൾ മുൻകൂട്ടി പട്ടികപ്പെടുത്തി തദ്ദേശഭരണ സ്ഥാപനം അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല. ബിൽ പ്രകാരമുള്ള കുറവ് ലഭിച്ചിട്ടുണ്ടെന്ന ഗുണഭോക്താവിന്റെ ഒപ്പ് രേഖപ്പെടുത്തിയ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്ത വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 തെങ്ങിനു് മരുന്നുതളി - അംഗീകൃത പ്രോജക്ടിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

രോഗബാധിതമായ തെങ്ങുകൾക്ക് മരുന്നുതളിക്കുന്നതിനായി തയ്യാറാക്കിയ ഈ പ്രോജക്ടിനായി (പ്രോജക്ട് നം. S0083/19, നിർവ്വഹണം – കൃഷി ഓഫീസർ) വികസനഫണ്ട് 187000/- രൂപയും സ്ഥാപനത്തിൽ അടയ്ക്കുന്ന ഗുണഭോക്തൃവിഹിതം 85000/- രൂപയും ഉൾപ്പെടെ 272000/- രൂപയാണ് വകയിരുത്തിയത്. പട്ടണക്കാട് ബ്ലോക്ക് അഗ്രോ സർവ്വീസ് സഹകരണസംഘം മുഖേനയാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ഒരു തെങ്ങിന് മരുന്നുചെയ്യുന്നതിന് കയറ്റക്കൂലി ഉൾപ്പെടെ 100/-രൂപയാണ് സംഘത്തിന്റെ നിരക്ക്. 2494 തെങ്ങുകൾക്ക് കീടനാശിനി അടിച്ചതിന് ഒരെണ്ണത്തിന് 100/- രൂപ പ്രകാരം 62400/- രൂപ ഗുണഭോക്തൃവിഹിതം കണക്കാക്കി 187000/- രൂപ ബിൽ നം. 3/28.11.2018 പ്രകാരം സ്ഥാപനത്തിന് നൽകി. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1) സബ്സിഡി മാർഗ്ഗരേഖ പ്രകാരം കൃഷിഭവൻ തലത്തിലെ കർഷകസമിതികൾ മുഖേനയാണ് പ്രോജക്ട് നടപ്പാക്കേണ്ടത്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

2) കൃഷി ഓഫീസർ തയ്യാറാക്കിയ കീടബാധയും നിവാരണപ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ടിന്മേൽ ഭരണസമിതിയുടേയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും തീരുമാനം ഹാജരാക്കിയിട്ടില്ല.

3) പ്രോജക്ടിനായി വികസനഫണ്ട് 187000/- രൂപയും സ്ഥാപനത്തിൽ അടയ്ക്കുന്ന ഗുണഭോക്തൃവിഹിതം 85000/- രൂപയും ഉൾപ്പെടെ 272000/- രൂപയാണ് വകയിരുത്തിയത്. 249400/- രൂപ ആകെ ചെലവഴിച്ചപ്പോൾ അംഗീകൃത പ്രോജക്ട് പ്രകാരം ആനുപാതികമായ തുകയാണ് വികസനഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്നത്. പ്രോജക്ട് പ്രകാരം ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിലാണ് അടവാക്കേണ്ടത്. എന്നാൽ സംഘമാണ് ഗുണഭോക്തൃവിഹിതം സ്വീകരിച്ചിട്ടുള്ളത്.

4) കീടനാശിനി അടിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ ഓരോ ഗുണഭോക്താവിൽ നിന്നും കളക്ട് ചെയ്ത ഗുണഭോക്തൃവിഹിതം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/10.11.2019) ഭരണസമിതിയുടെ തീരുമാനം ഹാജരാക്കുന്നതാണെന്നും കൃഷിവകുപ്പിന്റെ കേരവികസനപദ്ധതിയുമായി സംയോജിപ്പിച്ചാണ് ഈ പ്രോജക്ട് നടപ്പാക്കിയതെന്നും അതിനാലാണ് സംഘം നേരിട്ട് ഗുണഭോക്തൃവിഹിതം പിരിച്ചതെന്നുമാണ് കൃഷി ഓഫീസർ അറിയിച്ചത്. അംഗീകൃത പ്രോജക്ടിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്ട് നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 അങ്കണവാടികൾ -അവലോകനം

കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ ആകെ 24 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 17എണ്ണം സ്വന്തം കെട്ടിടത്തിലും വാടക കെട്ടിടത്തിൽ 7 എണ്ണവും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ചുറ്റമതിൽ സൌകര്യം ഉള്ളത് കേവലം 3 എണ്ണത്തിന് മാത്രമാണ്. സ്വന്തമായി സ്ഥലമുള്ള അങ്കണവാടി നം. 89-ന്റെ കെട്ടിടം പണി പൂർത്തീകരിച്ചിട്ടില്ല. എല്ലാ അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. കുടിവെള്ള കണക്ഷൻ സൌകര്യം അങ്കണവാടി നം. 99 ന മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബേബി ഫ്രണ്ട്ലി ടോയ്ലെറ്റ് സൗകര്യം 90,93,98 എന്നീ നമ്പർ അങ്കണവാടികൾക്ക് മാത്രമാണുള്ളതെന്ന് സൂപ്പർവൈസർ വ്യക്തമാക്കിയിട്ടുണ്ട്. അങ്കണവാടി നം. 87 ന് ന്റെ ബേബി ഫ്രണ്ട്ലി ടോയ്ലെറ്റ് നിലവിൽ ഉപയോഗശൂന്യമാണെന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. കൂടാതെ 11 അങ്കണവാടികളിൽ സാധാരണ ടോയ്ലെറ്റ് സംവിധാനമുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും 24 അങ്കണവാടികളിൽ 14 എണ്ണത്തിന് മാത്രമാണ് ടോയ്ലെറ്റ് സൌകര്യം ഉള്ളതെന്ന് കാണുന്നു.

അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ റാൻഡം പരിശോധനയ്ക്ക് വിധേയമാക്കിയതിൽ അനുപൂരക ഭക്ഷണം-വിനിയോഗവും സ്ഥിതി വിവരകണക്കും പെൻസിലിൽ രേഖപ്പെടുത്തി കാണുന്നു. (നം. 100,106). കൂടാതെ സ്റ്റോക്ക് വിവരം അങ്കണവാടി വർക്കർമാർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ സാക്ഷ്യപ്പെടുത്തുന്നുമില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം. 31055 /ഡി.സി.2 /2011 തിയതി 22.03.2011 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ എല്ലാ വർഷവും മെയ് 10 നകം വാടക കെട്ടിടങ്ങളിൽ പ്രവൃത്തിക്കുന്നവ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളിലും സന്ദർശനം നടത്തി മെയ് 30 നകം ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് അവർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. എല്ലാ അങ്കണവാടികളും വാർഷിക അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനയോഗ്യമാക്കുന്നതിനും മതിയായ സുരക്ഷിതത്വമില്ലാത്തവ മാറ്റി സ്ഥാപിക്കുന്നതിനും അപകടകരമായ അവസ്ഥയിൽ ഉള്ളവയിൽ പ്രവർത്തനം നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും ഉയർന്ന പരിഗണന നൽകേണ്ടതാണ്.

## 1-26 അഗതി- ആശ്രയ -ഭക്ഷ്യധാന്യ വിതരണരേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

അഗതി-ആശ്രയ പദ്ധതി പ്രകാരം ഭക്ഷ്യധാന്യങ്ങൾ സപ്ലൈ ചെയ്യുന്നതിന് തുറവൂർ സപ്ലൈകോ സൂപ്പർമാർക്കറ്റിന് വികസനഫണ്ടിൽ നിന്നും 1,37,043/-രൂപയുടെ വിഹിതം താഴെപ്പറയും പ്രകാരം നൽകിയിട്ടുണ്ട്.

പ്രോജക്ട് നം. 02/19(അഗതി ആശ്രയ)

<u>ചെലവ്</u>-

| ബിൽ നം./തീയതി | തുക |
|---|---|
| 07/18-19/10.07.18 | 36495/- |
| 08/18-19/29.10.18 | 35475/- |
| 33/18-19/12.03.19 | 733/- |
| 36/18-19/19.03.19 | 40109/- |
| 27/18-19/07.02.19 | 24231/- |
| ആകെ | 137043 |

എന്നാൽ പ്രസ്തുത ഭക്ഷ്യധാന്യങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി പദ്ധതിക്കു കീഴിൽ ചെലവഴിച്ച 1,37,043/- രൂപ തടസ്സപ്പെടുത്തുന്നു. വിതരണരേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 കെ.പി. റോഡ് കുന്നത്തമ്പലം റോഡ് മെറ്റലിംഗ്, ടാറിംഗ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

2016-17 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 14-ാം വാർഡിലെ കെ.പി. റോഡ് കുന്നത്തമ്പലം റോഡ് മെറ്റലിംഗ്, ടാറിംഗ് എന്ന പ്രവൃത്തിയ്ക്ക് വികസന ഫണ്ടിൽ നിന്നും 36000/- രൂപയും മെയിന്റനൻസ് റോഡ് ഫണ്ടിൽ നിന്ന് 364000/- രൂപയുമായി ആകെ നാലു ലക്ഷം രൂപ അടങ്കലിൽ നാലു മാസം കൊണ്ട് പൂർത്തീകരിക്കുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിരുന്നത്. പദ്ധതിയ്ക്കായി 22/12/16 ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. എൻ. സുദർശനൻ എസ്റ്റിമേറ്റ് നിരക്കിൽ നിന്ന് 0.01% കുറവിലും (3,96,661/- രൂപ) ശ്രീ. നവീൻ എസ്റ്റിമേറ്റ് നിരക്കിലും (3,96,701/- രൂപ) ടെണ്ടർ സമർപ്പിക്കുകയുണ്ടായി. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ. സുദർശന് സെലക്ഷൻ നോട്ടീസ് അയക്കുകയും ടിയാൻ ആയത് 05.01.17-ൽ കൈപ്പറ്റി 14/AE/LSGD/KTD/16-17 തീ:16.01.2017-ാം നമ്പരായി ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട് 16.01.2017- ൽ പ്രവൃത്തിയ്ക്കായി സൈറ്റ് കൈയേൽക്കുകയും ചെയ്തിരുന്നു. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ദിവസങ്ങൾ മാത്രം അവശേഷിക്കുന്നതിനാൽ 20.03.2017 ന മുൻപായി പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുവാൻ 03.03.2017-ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ വർക്കിന്റെ ലെവൽസ് എടുത്തു തരാത്തതിനാലാണ് വർക്ക് പൂർത്തീകരിക്കാൻ സാധിക്കാത്തതെന്ന് 20.06.17-ൽ കരാറുകാരൻ മറുപടി നൽകിയതായി കാണുന്നു. 11.07.2017-ലെ 5(9)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം ശ്രീ സുദർശനൻ എന്ന കരാറുകാരൻ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലായെന്നും അസിസ്റ്റന്റ് എഞ്ചിനീയർ രേഖാമൂലവും ആവശ്യപ്പെട്ടിട്ടും ടിയാൾ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ലായെന്നും ആയതിനാൽ ടി കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ സെക്കന്റ് ലോവസ്റ്റ് ക്വട്ടേഷൻ സമർപ്പിച്ച ശ്രീ. നവീൻ എന്ന കരാറുകാരൻ മുൻകരാറുകാരൻ ക്വാട്ട് ചെയ്ത തുകയ്ക്ക് പ്രവൃത്തി ചെയ്യാൻ തയാറാണോ എന്നും അല്ലാത്ത പക്ഷം ടി പ്രവൃത്തി റീടെണ്ടർ ചെയ്യാനും അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചതായും കാണുന്നു.

ആയത് പ്രകാരം ശ്രീ. സുദർശനന്റെ ടെണ്ടർ റദ്ദ് ചെയ്ത് ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി റീടെണ്ടർ ചെയ്യുന്ന കമ്മിറ്റി തീരുമാനം സൂചിപ്പിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് കത്തയച്ചിട്ടുണ്ട്. എന്നാൽ 22.12.2017-ലെ 7(2)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം ശ്രീ.നവീൻ എന്ന കരാറുകാരനും പ്രവൃത്തി ഏറ്റെടുക്കാത്തതിനാലും ആദ്യം പ്രവൃത്തി ഏറ്റെടുത്തിരുന്ന ശ്രീ.സുദർശനൻ എന്ന കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചുകൊള്ളാമെന്ന് കമ്മിറ്റിയെ അറിയിച്ചതിനാൽ സ്പിൽ ഓവർ പ്രോജക്ടായിട്ടുള്ള പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്താൽ വൈകുമെന്നതിനാൽ ശ്രീ.സുദർശനൻ എന്ന കരാറുകാരനെകൊണ്ട് പ്രവൃത്തി നടപ്പിലാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചതായും കാണുന്നു. പ്രവൃത്തിയിൽ കാലതാമസം വരുത്തിയതിനാൽ കരാറുകാരനിൽ നിന്നും പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ പ്രകാരം ഒരു ലക്ഷം രൂപ പിഴയായി ഈടാക്കിക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ടി കരാർ റദ്ദ് ചെയ്ത് റീടെണ്ടർ ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾക്കായി പഞ്ചായത്ത് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്

എന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 12.03.2018-ലെ തസ്വഭവ/പികെഡി/ഡിബി7/18-ാം നമ്പർ കത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനെ വിവരം അറിയിച്ചതായും എന്നാൽ പിഴ നൽകി പ്രവൃത്തി ചെയ്യുവാൻ കരാറുകാരൻ തയ്യാറല്ലെന്നും ടിയാന്റെ സെക്യൂരിറ്റി തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി ടിയാനെ പ്രസ്തുത പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി തരുവാനും 12.03.2018-ൽ ടിയാൻ അപേക്ഷ നൽകിയതായും കാണുന്നു. തുടർന്ന് റീടെണ്ടർ ക്ഷണിച്ചതിൽ എസ്റ്റിമേറ്റ് നിരക്കിൽ (396701/-) ക്വാട്ട് ചെയ്ത ശ്രീ.പി.എസ്.സുനിൽകുമാർ എന്ന കരാറുകാരന് വർക്ക് ഓർഡർ നൽകി ടിയാൻ 03/AE/LSGD/KTD/18-19 തീ:14.05.2018 -ാം നമ്പരായി ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട് 24.01.2019-ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ടി വിഷയത്തിന്മേൽ നൽകിയ ഓഡിറ്റന്വേഷണത്തിന്മേൽ (18/13.11.2019) 24.07.2018 മുതൽ ചാർജ്ജ് വഹിച്ചിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ മുൻകരാറുകാരനിൽ നിന്നും ജാമ്യ നിക്ഷേപം കണ്ടുകെട്ടിയിട്ടില്ലെന്നും കണ്ടു കെട്ടുവാനുള്ള നടപടി സ്വീകരിക്കുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രളയ സമാന സ്ഥിതി സെപ്റ്റംബർ വരെ തുടർന്നതിനാലും പ്രളയത്തോടനുബന്ധിച്ച് കുട്ടനാട്ടിൽ പ്രളയ ഡ്യൂട്ടി ഉണ്ടായതിനാൽ 2019 സെപ്റ്റംബർ മാസത്തോടു കൂടിയാണ് പഞ്ചായത്തിന്റെ ദൈനംദിന ജോലികളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനായെന്നും മറുപടിയിൽ പ്രസ്താവിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. എന്നിരുന്നാലും മുൻകരാറുകാരനെതിരെ നിയമാനുസൃതമുള്ള നടപടികൾ കൈക്കൊള്ളാതിരുന്നത് ശരിയായ നടപടിയല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ടിയാളുടെ സെക്യൂരിറ്റി തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കിയ ചില മരാമത്ത് പ്രവൃത്തികളിൽ തുക അധികം നൽകി

2016-17ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്പിൽ ഓവർ പദ്ധതിയായി 2018-19 -ൽ ഗുണഭോക്തൃസമിതി വഴി പൂർത്തീകരിച്ചതാണ് തെരുവിൽ ചിറ റോഡ് മെറ്റലിംഗ് & ടാറിംഗ്, നസ്രാണി സമാജം റോഡ് മെറ്റലിംഗ് & ടാറിംഗ് എന്നീ രണ്ട് മാരാമത്ത് പ്രവൃത്തികൾ. ഡി.എസ്.ആർ.പ്രകാരം തയാറാക്കിയ എസ്റ്റിമേറ്റിൽ ഗുണഭോക്തൃസമിതി നിരക്കാണ് അനുവദിച്ചിട്ടുള്ളത്. 01.07.2017 മുതൽ VAT ന പകരം GST നിലവിൽ വന്നതിനാൽ VAT ഇനത്തിൽ ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത VAT- ഇനത്തിൽ 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018-ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയത് പ്രകാരം 5% തുക പ്രവൃത്തി മൂല്യത്തിൽ നിന്നും കുറച്ചിട്ടുണ്ട്. എന്നാൽ മേൽ രണ്ട് പ്രവൃത്തികളിലും നികുതി കംപോണന്റ് @ 6% പ്രവൃത്തിമൂല്യത്തിൽ കൂട്ടിയിട്ട് ആദായനികുതി ഇനത്തിൽ 2% ഉം നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതമിനിത്തിൽ 1% ഉം ബില്ലിൽ കിഴിച്ചിട്ടുണ്ട്.
വിശദാംശം ചുവടെ കൊടുക്കുന്നു.

1)പ്രോജക്ട് നം. 68/17 നസ്രാണി സമാജം റോഡ് മെറ്റലിംഗ് & ടാറിംഗ്
അടങ്കൽ : 265000/- (തനത് ഫണ്ട്)
ചെലവ് : 210554/-
ചെക്ക് നം. 1838551/10.01.19- 203093/-
ചെക്ക് നം. 1838550/10.01.19- 2487/-
ചെക്ക് നം. 1838549/10.01.19- 4974/-
പ്രവൃത്തി മൂല്യം- 246966/-
Add tax @ 6%- 14818/-രൂപ
ആകെ - 261784/-രൂപ
5% VAT deduction – 13089/-രൂപ
അറ്റ പ്രവൃത്തി മൂല്യം- 248695/- രൂപ
TAR amt deduction – 35531/-രൂപ
കിഴിവുകൾ- 10071/-

{ആദായനികുതി @2%- 4974/- രൂപ
KCWWF 1%- 2487/-രൂപ
cess- 25
Loading & Unloading – 1.25 x 943.80- 1180/- രൂപ
Sale of Empty Barrel- 1405/- രൂപ}

എം.ബുക്ക് നം. 27/KTD/16-17
കൺവീനർക്ക് നൽകിയ തുക- 203093/- രൂപ
കൺവീനർ- സൈറസ് കെ.വി.
കരാർ നം. 8/AE/LSGD/KTD/16-17/09.01.17

2)പ്രോജക്ട് നം. 70/17 തെരുവിൽചിറ റോഡ് മെറ്റലിംഗ് & ടാറിംഗ് (72/16)
അടങ്കൽ :400000/- (പ്രത്യേക ഗ്രാന്റ്)
ചെലവ് : 381132/-          (ചെക്ക് നം. 1838531/04.10.18- 7547/-
ചെക്ക് നം. 1838537/24.10.18- 310208/-
ചെക്ക് നം. 1838532/24.10.18- 3737/-
ചെക്ക് നം 1838536/24.10.18- 59640/-)
പ്രവൃത്തി മൂല്യം- 377388/-
Add tax @ 6%- 22642/-രൂപ
ആകെ - 400000/-രൂപ (ക്രമപ്പെടുത്തിയത്)
5% VAT deduction – 18868/-രൂപ
അറ്റ പ്രവൃത്തി മൂല്യം- 381132/- രൂപ
എംബുക്ക് നം. 26/KTD/16-17
TAR amt deduction – 54122/-രൂപ
കിഴിവുകൾ- 16802/-
{ആദായനികുതി @2%- 7547 രൂപ
KCWWF 1%- 3774രൂപ ( ചെക്ക് പ്രകാരം 3737/- രൂപയാണ് നൽകിയത്)
Loading & Unloading – 1.25 x 1912.15- 2390 രൂപ
Sale of Empty Barrel- 3091 രൂപ}
കൺവീനർക്ക് നൽകിയ തുക- 310208/- രൂപ
കൺവീനർ- ബിബിൻ ജോസ്
കരാർ നം. 36/AE/LSGD/KTD/15-16/28.09.15

അതായത് ഗുണഭോക്തൃസമിതിയ്ക്ക് റിക്കവറി ഇനത്തിൽ ബാധ്യത ആകെ 3% ആയിരിക്കേ 6% പ്രവൃത്തിമൂല്യത്തിൽ കൂട്ടിയത് വഴി 3% അധികം അനുവദിച്ചു.
അനുവദനീയമായ തുക താഴെ കൊടുക്കുന്നു.

| പ്രോജക്ട് | നസ്രാണി സമാജം റോഡ് മെറ്റലിംഗ് & ടാറിംഗ് | തെരുവിൽചിറ റോഡ് മെറ്റലിംഗ് & ടാറിംഗ് |
|---|---|---|
| പ്രവൃത്തി മൂല്യം | 246966/- | 377388/- |
| Add tax @ 3% | 7409 | 11322 |
| ആകെ | 254375 | 388710 |
| 5% VAT deduction | 12719 | 19436 |
| അറ്റ പ്രവൃത്തി മൂല്യം | 241656 | 369274 |
| ടാർ വില (-) | 35531 | 54122 |
| | | |

| | | |
|---|---|---|
| കിഴിവുകൾ (-) | 9859/- | 16596 |
| കൺവീനർക്ക് അർഹമായ തുക | 196266 | 298556 |
| കൺവീനർക്ക് നൽകിയ തുക | 203093 | 310208 |
| അധികം നൽകിയത് | 6827/- | 11652/- |

കൺവീനർക്ക് അധികം നൽകിയ തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 1-29 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- പൊതു അപാകതകൾ

2018-19 വർഷം പൊതു മരാമത്ത് പ്രവൃത്തികളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് ( TR 7A ) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed date of Completion) രേഖപ്പെടുത്തുന്നില്ല.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകൾ, ടെണ്ടർ ഷെഡ്യൂൾ എന്നിവയിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു. കൂടാതെ കാലഹരണപ്പെട്ട വ്യവസ്ഥകളാണ് കരാർ പത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

(4) മിക്ക മരാമത്ത് പ്രവൃത്തികളുടേയും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത പക്ഷം നിശ്ചിത ശതമാനം പിഴ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കേണ്ടതുമാണ് (Liquidated damage).

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും കാലാവധി പുതുക്കി നിശ്ചയിച്ചതായുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമല്ല. മാത്രമല്ല പുതുക്കിയ കാലാവധിയ്ക്കനുസൃതമായി സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടിട്ടുമില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർ നം., കരാറുകാരൻ, എം.ബുക്ക് നം,<br>പി.എ.സി. | കരാർ കാലാവധി,<br>കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി<br>പൂർത്തീകരിച്ച തീയതി. | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | 08/AE/LSGD/KTD/17-18/ dt: 18.12.2017<br>ശ്രീ.പി.എസ്. സുനിൽകുമാർ<br>61/KTD/16-17<br>പ്രോജക്ട് നം. 32/18<br>(അഷ്ടമി രോഹിണി റോഡ് നവീകരണം-വാർഡ് 11 )<br>പ്രവൃത്തിമൂല്യം-<br>335993/- രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽ നം. 14/18-19/11.03.19- 59993/-<br>ബിൽ നം. 15/18-19/11.03.19- 276000/-<br>എഗ്രീഡ് പി.എ.സി-335993/- | 6 മാസം.<br>(18.06.2018) | 24.01.2019 | 0 | 10080/-<br>(1%+2%) |
| 2 | 18/AE/LSGD/KTD/17-18/ dt: 31.03.2018<br>ശ്രീ.പ്രവീൺകുമാർ<br>62/KTD/16-17<br>പ്രോജക്ട് നം. 49/18(ചാവടി മാർക്കറ്റ് നവീകരണം രണ്ടാംഘട്ടം)<br>പ്രവൃത്തിമൂല്യം-438216/-രൂപ<br>(നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽനം. 22/18-19/ 26.03.19 | 5 മാസം<br>(31.08.2018 ൽ പൂർത്തീക രിക്കേണ്ടിയിരുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 10.07.2018-ൽ AS നല്കിയതിനാൽ 10.12.2018-ൽ പൂർത്തീകരി ക്കേണ്ടതായിരുന്നു) | 22.02.2019 | 0 | 13324/-<br>(1%+2%) |

| | | | | | |
|---|---|---|---|---|---|
| | എഗ്രീഡ് പി.എ.സി-444147/- | | | | |
| 3 | 07/AE/LSGD/KTD/17-18/ 18.12.2017<br>ശ്രീ.പി.എസ്. സുനിൽകുമാർ<br>55/KTD/16-17<br>പ്രോജക്ട് നം. 35/18<br>(ചാപ്പക്കടവ് മുട്ടുങ്കൽ റോഡ് റീടാറിംഗ് - വാർഡ് 16)<br>പ്രവൃത്തിമൂല്യം-333958/- രൂപ<br>(നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽ നം. 13/18-19/11.03.19<br>എഗ്രീഡ് പി.എ.സി-349937/- | 8 മാസം.<br>(18.08.2018) | 25.01.2019 | 0 | 10498/-<br>(1%+2%) |

ടി അപാകതയിന്മേലുള്ള വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (20/13.11.19) മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃത പിഴ കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് അതത് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

# 1-31 ബിറ്റുമിൻ - സ്റ്റോക്ക് ഇഷ്യു ബാലൻസ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിയ താഴെ പറയുന്ന 15 പൊതുമരാമത്ത് പ്രവൃത്തികൾക്കായി ബിറ്റുമിൻ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | SS1 kg | RS1 kg | VG 30 kg | VG10 kg |
|---|---|---|---|---|---|---|
| 1 | 131/17 | കുന്നേൽവെളി കോളനി റോഡ് ടാറിംഗ് വാർഡ് 8 | 291.6 | 77.18 | 723.7 | 0 |
| 2 | 122/17 | റെയിൽവേ സ്റ്റേഷൻ ആഞ്ഞിലിക്കൽ റോഡ് വാർഡ് 14 | 377.4 | 99.9 | 936.8 | 0 |
| 3 | 184/17 | കണ്ണാട്ട് കവല ചിരട്ടപ്പാലം റോഡ് | 211.7 | 56.03 | 525.4 | 0 |
| 4 | 202/17 | വേന്തനേഴത്ത് റോഡ് മെറ്റലിംഗ് & ടാറിംഗ് | 196.4 | 51.98 | 487.4 | 0 |
| 5 | 120/17 | വടക്കനപ്പൻ റോഡ് റിന്നവേഷൻ | 739.5 | 195.8 | 1836 | 0 |
| 6 | 113/17 | കെ.പി. റോഡ് കുന്നത്തമ്പലം റോഡ് മെറ്റലിംഗ് & ടാറിംഗ് | 395.3 | 104.6 | 981.2 | 0 |
| 7 | 118/17 | ചാത്തൻവേലി കെ.പി. ലിങ്ക് റോഡ് | 181.1 | 47.91 | 449.4 | 0 |
| 8 | 111/17 | കാട്ടറയ്ക്കൽ കുന്നേൽ റോഡ് ടാറിംഗ് | 377.4 | 99.9 | 936.8 | 0 |
| 9 | 185/17 | നസ്രാണി പള്ളിപ്പറമ്പ് റോഡ് | 298.4 | 78.98 | 740.6 | 0 |
| 10 | 68/17 | നസ്രാണി സമാജം റോഡ് മെറ്റലിംഗ് | 0 | 0 | 0 | 1255 |

| | | | | | | |
|---|---|---|---|---|---|---|
| 11 | 69/17 | ദേശത്തോട് റോഡ് മെറ്റലിംഗ് & ടാറിംഗ് | 0 | 0 | 0 | 1313 |
| **ആകെ** | | | **3068.8** | **812.28** | **7617.3** | **2568** |
| **ബാരൽ എണ്ണം** | | | **17** | **4** | **47** | **16** |
| 12 | 205/17 | തോട്ടുങ്കൽ കരീത്തോട് റോഡ് ടാറിംഗ് | 510 | 135 | 1266 | 0 |
| 13 | 201/17 | വല്യത്താനത്ത് റോഡ് മെറ്റലിംഗ് & ടാറിംഗ് വാർഡ് 7 | 339.15 | 89.78 | 841.89 | 0 |
| 14 | 216/17 | കാട്ടറയ്ക്കൽ ചങ്ങരം തോട് മെറ്റലിംഗ്& ടാറിംഗ് വാർഡ് 3 | 497.25 | 131.63 | 1234.35 | 0 |
| 15 | 70/17 | തെരുവിൽചിറ റോഡ് ടാറിംഗ് | 0 | 0 | 0 | 1921.02 |
| **ആകെ** | | | **1346.4** | **356.41** | **3342.24** | **1921.02** |
| **ബാരൽ എണ്ണം** | | | **8** | **2** | **21** | **12** |
| **മൊത്തം ബാരൽ എണ്ണം** | | | **25** | **6** | **68** | **28** |

ഇപ്രകാരം 15 പ്രവൃത്തികൾക്കായി ബിറ്റുമിൻ ബാരൽ വിലയായി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചിയ്ക്ക് തുക നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

a) ക്രമ നം. 1 മുതൽ 11 വരെയുള്ള പ്രവൃത്തികൾക്കായി എസ്.എസ്.-1 **17** എണ്ണം ബാരലിന് 204751.40/- രൂപയും ആർ.എസ്.-1 **4** ബാരലിനായി 29394.12/- രൂപയും ഉൾപ്പെടെ ആകെ **2,34,146/-** രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട് .

**47** എണ്ണം വി.ജി.-30 ബാരലിനായി 263122.90/- രൂപയും വി.ജി.-10 ബാരൽ **16** എണ്ണത്തിന് 88018.88/- രൂപയും ഉൾപ്പെടെ ആകെ **3,51,142/-** രൂപയും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് നൽകിയിട്ടുണ്ട്. **(15.04.2017-ലെ സി-3 1153/17 നമ്പർ കത്ത് )**

b) ക്രമ നം. 12 മുതൽ 15 വരെയുള്ള പ്രവൃത്തികൾക്കായി എസ്.എസ്.-1 **8** എണ്ണം ബാരലിന് 96353.60/- രൂപയും ആർ.എസ്.-1 **2** ബാരലിനായി 14697/- രൂപയും ഉൾപ്പെടെ ആകെ **1,11,051/-** രൂപ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് നൽകിയിട്ടുണ്ട് .

**21** എണ്ണം വി.ജി.-30 ബാരലിനായി 117566.40/- രൂപയും വി.ജി.-10 ബാരൽ **12** എണ്ണത്തിന് 66014.40/- രൂപയും ഉൾപ്പെടെ ആകെ **1,83,581/-** രൂപയും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് നൽകിയിട്ടുണ്ട് **(15.04.2017-ലെ സി-3 1153/17 നമ്പർ കത്ത് ).**

പ്രവൃത്തിയ്ക്കായി ബിറ്റുമിൻ വാങ്ങിയതും വിതരണം ചെയ്തതും സ്റ്റോക്കിൽ അവശേഷിക്കുന്നതും സംബന്ധിച്ച് ബിറ്റുമിൻ സ്റ്റോക്ക് ഇഷ്യൂ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലില്ല. സ്റ്റോക്ക് ഇഷ്യൂ രജിസ്റ്ററിൽ നിന്ന് ഏതെല്ലാം പ്രവൃത്തികൾക്ക് കരാറുകാർക്ക്/കൺവീനർമാർക്ക് ബിറ്റുമിൻ നൽകിയിട്ടുണ്ട് എന്നതിനെ സംബന്ധിച്ച് വ്യക്തമായ ധാരണ ലഭ്യമാകുന്നില്ല.

ക്രമനം.(6)-ൽ സൂചിപ്പിച്ചിട്ടുള്ള കെ.പി. റോഡ് കുന്നത്തമ്പലം റോഡ് മെറ്റലിംഗ് & ടാറിംഗ് പ്രവൃത്തിയ്ക്കായി ബിറ്റുമിൻ വാങ്ങിയിട്ടുണ്ടെങ്കിലും കരാറുകാരനായ ശ്രീ. സുനിൽകുമാർ സ്വന്തംനിലയ്ക്ക് ബിറ്റുമിൻ വാങ്ങിയതിനാൽ ഫൈനൽ ബില്ലിൽ ടാർ വിലയിനത്തിൽ കിഴിച്ച തുകയായ 38129/- രൂപ (ചെക്ക് നം. 1838584/29.03.2019) ടിയാന് തിരികെ നൽകിയിട്ടുണ്ട്. ഇതിൽ നിന്നും ടി പ്രവൃത്തിയ്ക്കായി വാങ്ങിയ ബിറ്റുമിൻ ഉപയോഗിച്ചില്ലായെന്ന് വ്യക്തമാണ്.

ആയതിനാൽ മേൽ പ്രവൃത്തികൾക്കായി വാങ്ങിയ ബിറ്റുമിൻ ഏതെല്ലാം കരാറുകാർക്ക് / കൺവീനർമാർക്ക് ഏത്രയളവിൽ നൽകി എന്നതിനെ സംബന്ധിച്ചും സ്റ്റോക്കിൽ ബാലൻസുള്ള ബിറ്റുമിൻ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ കൃത്യമാക്കി രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 1-32 കുന്നേൽ കോളനി റോഡ് റീടാറിംഗ്-അധിക തുക നൽകി

2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്റ്റായി ഉൾപ്പെടുത്തിയ "കുന്നേൽ കോളനി റോഡ് റീടാറിംഗ്"(പ്രോ.നം. 178/19) എന്ന പ്രവൃത്തി ഗുണഭോക്തൃസമിതി വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് MoRD സ്പെസിഫിക്കേഷനിൽ പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തിരമാണ് തയാറാക്കിയിട്ടുള്ളത് (Est No. 2016/25813). പ്രസ്തുത എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് 10 % ഉൾപ്പെടെയുള്ള നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. (കാന നിർമ്മാണം പ്രവൃത്തി ഒഴികെ). ഫൈനൽ ബിൽ പ്രകാരം എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ള ഓവർഹെഡ് ചാർജ്ജ് (10%) ഉൾപ്പെടെയാണ് റോഡ് പ്രവൃത്തിയ്ക്ക് തുക അനുവദിച്ച് നൽകിയിരിക്കുന്നത്.

പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു.
*അടങ്കൽ – 337981/- (തനത് ഫണ്ട്)*
*പ്രവൃത്തി മൂല്യം- 298760/-*
*ഡിപ്പാർട്ട്മെന്റ് സപ്ലൈ ടാർ വില (-)- 37019*
*ചെലവ് – 261741/- ( ചെക്ക് നം. 1838587/29.03.19- 249759/-)*
*നികുതികൾ/മറ്റ് കിഴിവുകൾ- 11982/- (IT @ 2%, KCWWF 1% & Fine @1% ) (ചെക്ക് നം. 1838585/29.03.19 – 5976 & ചെക്ക് നം. 1838586/29.03.19- 2988 )*
*കൺവീനർക്ക് നൽകിയ തുക- 249759/-*
*കൺവീനർ- ജയകുമാർ. ആർ*
*കരാർ നം./തീയതി- 05/AE/LSGD/KTD/2016-17 തീ:07.01.17*
*പ്രവൃത്തി ആരംഭിച്ച തീയതി: 07.01.2017*
*പ്രവൃത്തി പൂർത്തീകരിച്ച തീയതി: 31.01.2019*
സർക്കാർ ഉത്തരവ് നം. 30/2016/ധനം തീ:29.02.2016 പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ടി പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ടി ഗുണഭോക്തൃകമ്മിറ്റികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിരുന്നു. 01.07.2017 മുതൽ VAT നു പകരം GST നിലവിൽ വന്നതിനാൽ VAT ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത VAT-ന്റെ 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018-ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.
മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാറ്റിന്റെ 5% തുക ബില്ലിൽ കുറവ് ചെയ്യാതിരുന്നതിനും ക്രമവിരുദ്ധമായി 2.5% ഓവർഹെഡ് ചാർജ്ജ് അധികം നൽകിയതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.12/12.11.19) മറുപടി ലഭ്യമാക്കിയിട്ടില്ല.
റോഡ് പ്രവൃത്തിയുടെ മൂല്യം- 266054
ഡ്രെയിനേജ് പ്രവൃത്തിയുടെ മൂല്യം (ഗുണഭോക്തൃ നിരക്കിൽ എസ്റ്റിമേറ്റ് തയാറാക്കിയത്) – 32706 (MB P No. 19-21)
ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയത്- 298760

സർക്കാർ നിർദ്ദേശപ്രകാരം കണക്കാക്കേണ്ടിയിരുന്ന പ്രവൃത്തിമൂല്യം താഴെ കൊടുക്കുന്നു.
റോഡ് പ്രവൃത്തിമൂല്യം – 266054
(2.5%) OH deduction on Road works- 6047 (-)
കണക്കാക്കേണ്ടിയിരുന്ന റോഡ് പ്രവൃത്തി മൂല്യം- 260007
ആകെ പ്രവൃത്തി മൂല്യം- 260007+32706 = 292713
വാറ്റിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്ന 5% – 14636
അറ്റ പ്രവൃത്തി മൂല്യം- 278077/-
*ഡിപ്പാർട്ട്മെന്റ് സപ്ലൈ ടാർ വില (-)- 37019*
നികുതികൾ, മറ്റ് കിഴിവുകൾ- 11359/-
കൺവീനർക്ക് നൽകേണ്ടിയിരുന്ന തുക – 229699/- രൂപ

നൽകിയ തുക- *249759/-രൂപ*

*അധികം നൽകിയ തുക -20060/- രൂപ*

*അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.* ആയത് കൺവീനറിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 1-33 അമാൽഗം കോളനി റോഡ് പാലത്തിങ്കൽ ഒട്ടാരം റോഡ് ടൈൽ വിരിക്കൽ എന്ന കരാർ പ്രവൃത്തിയിൽ സ്രോതസ്സിൽ നിന്നും നിയമാനുസൃത നിരക്കിൽ ചരക്ക് സേവന നികുതി ഈടാക്കിയില്ല

2017-18 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 10-ാം വാർഡിൽ നടപ്പിലാക്കുന്ന അമാൽഗം കോളനി റോഡ് പാലത്തിങ്കൽ ഒട്ടാരം റോഡ് ടൈൽ വിരിക്കൽ (പ്രോ.നം.185/18) എന്ന പ്രവൃത്തി 2018-19ൽ ആരംഭിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. 2,70,000/- രൂപ ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും തുക വകയിരുത്തി 250517/- രൂപ ചെലവഴിച്ച പ്രസ്തുത പ്രവൃത്തി 28.05.2018-ൽ പൂർത്തീകരിച്ചതായി 24.10.2018-ൽ പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

പ്രവൃത്തിയുടെ വിവരം താഴെ കൊടുക്കുന്നു.
സ്പിൽ ഓവർ പ്രോ നം. 148/19

*പ്രവൃത്തി മൂല്യം- 250517/-*

*ബിൽ നം. - 09/18-19 തീ:* ***21.11.2018***

*കിഴിവുകളുടെ വിവരം*

*IT% - 2505/- രൂപ*

*KCWWF- 2505/- രൂപ*

*cess@ 1% - 25/- രൂപ*

*ആകെ കിഴിവുകൾ- 5035/- രൂപ*

*കരാറുകാരന് നൽകിയ തുക – 245482/- രൂപ*

*അളവ് പുസ്തകം - 79/KTD/16-17*

*കരാറുകാരൻ- എൻ. സുദർശനൻ*

*കരാർ നം. 02/AE/LSGD/KTD/18-19/05.04.18*

2017-ലെ ജി.എസ്.റ്റി. ആക്ട് സെക്ഷൻ 51(1) പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള പ്രവൃത്തിയിൽ ദാതാവിന് പണം നൽകുന്ന സമയത്ത് കരാർ തുക ജി.എസ്.റ്റി. ഉൾപ്പെടാതെ 2.50 ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ ജി.എസ്.റ്റി. ഉൾപ്പെടാതെയുള്ള തുകയുടെ 2% തുക (1% CGST & 1% SGST) സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്യേണ്ടതാണ്. 01.10.2018 ന് മുൻപ് പൂർത്തീകരിച്ച പ്രവൃത്തികൾക്ക് റ്റി.ഡി.എസ്. കിഴിവ് വരുത്തേണ്ടതില്ലായെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി നൽകിയത്. എന്നാൽ മേൽ പ്രവൃത്തിയിൽ 01.10.2018 ന ശേഷം പേയ്മെന്റ് നൽകിയിട്ടും (Notification No. 50/2018/Central Tax/13.09.2018) TDS ഈടാക്കാതിരുന്നത് ക്രമപ്രകാരമല്ല. ആയതിനാൽ SGST @1%, CGST @ 1% ഇനങ്ങളിലായി *2505/- രൂപ വീതം* ആകെ 5010/- രൂപ ചരക്ക് സേവന നികുതി- സ്രോതസ്സിൽ നിന്നുള്ള കിഴിവ് നടത്താത്തതു മൂലം നഷ്ടം സംഭവിച്ചിട്ടുണ്ട്.
ആയത് ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

# 1-34 മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## എ) പ്രവൃത്തി നിർവ്വഹണത്തിലും രേഖകളുടെ സൂക്ഷിപ്പിലുമുള്ള അപാകതകൾ

1) മെറ്റീരിയൽ വർക്കുകളുടെ ഫയലുകളിൽ വാങ്ങിയ സാധനങ്ങളുടെ (സിമന്റ്, മെറ്റൽ, സാന്റ്, സ്റ്റീൽ, ഗ്രാവൽ, ക്വാറി മക്ക് മുതലായവ) ബില്ലുകൾ സൂക്ഷിച്ചിട്ടില്ല.

2) സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികളുടെ മസ്റ്റർ റോൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. പല മസ്റ്റർ റോളുകളിലും പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. തൊഴിലാളികളുടെ പേരുകൾ ചേർക്കാത്ത മസ്റ്റർ റോളുകളും കാണുന്നു. തൊഴിലാളികൾ ഒപ്പുരേഖപ്പെടുത്തുന്നതിന് പകരം ടിക് മാർക്ക് ( ) രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. മത്സ്യഭവൻ സെന്റ് സെബാസ്റ്റ്യൻ ചർച്ച് നടപ്പാത, മഠത്തിപ്പറമ്പ് നടപ്പാത നിർമ്മാണം എന്നീ വർക്കുകളിൽ സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികളുടെ മസ്റ്റർ റോളുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിക്കായി ലഭിച്ച മെറ്റീരിയൽസിന്റെ വിവരം ചേർത്ത് മേറ്റും ഉദ്യോഗസ്ഥരും സാക്ഷ്യപ്പെടുത്തുന്നില്ല.

3) ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി 2018-19 വർഷം നടപ്പാക്കിയിട്ടുള്ള 12 പ്രവൃത്തികളിൽ സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികളുടെ വേതനം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകിയിരിക്കുന്നു. ഇത് ശരിയായ നടപടിയല്ല. തൊഴിലാളികൾക്ക് ഈ തുക ലഭിച്ചു എന്നതിന് യാതൊരു തെളിവുമില്ല. ജോബ് കാർഡുള്ളവർക്ക് തൊഴിൽ നൽകുവാനും വേതനം അവരുടെ അക്കൗണ്ടിലേക്ക് നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

4) ഓരോ പ്രവൃത്തിക്കും മേറ്റ് സൂക്ഷിക്കേണ്ട മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ (അനുബന്ധം 4), സാധനങ്ങൾ ഏറ്റുവാങ്ങി മേറ്റ് എഞ്ചിനീയർക്ക് നൽകുന്ന കൈപ്പറ്റ് രസീത് (അനുബന്ധം 5) മുതലായവ ഭൂരിഭാഗം പ്രവൃത്തികളുടേയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) മെറ്റീരിയൽസ് സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നികുതി അടച്ചിട്ടുണ്ടെന്നും രേഖകൾ ഹാജരാക്കുന്നതാണെന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

6) നിർമ്മാണ സ്ഥലത്ത് ബോർഡ് സ്ഥാപിച്ചതിന് അന്നപൂർണ്ണേശ്വരി എക്സിം, വയലാർ എന്ന സ്ഥാപനം നൽകുന്ന ബില്ലിൽ ബോർഡിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തുന്നില്ല. പല വർക്കുകൾക്കും സ്ഥാപനം ബിൽ നൽകിയിട്ടില്ല (ഉദാ: കൊട്ടപ്പള്ളി നടപ്പാത നിർമ്മാണം). ഈ പ്രവൃത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. പ്രവൃത്തിയുടെ കരാറുകാരൻ ബോർഡ് സ്ഥാപിച്ചതിന്റെ തുക കൈപ്പറ്റുന്ന അവസരത്തിൽ, ബില്ലോ, ബോർഡ് സ്ഥാപിച്ചതിന്റെ വിവരങ്ങളോ, തുക ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയോ യാതൊരു രേഖയും സൂക്ഷിച്ചിട്ടില്ല (ഉദാ: മുല്ലപ്പള്ളി നടപ്പാത നിർമ്മാണം). സ്ഥാപിക്കുന്ന ബോർഡിന്റെ സ്പെസിഫിക്കേഷൻ സംബന്ധമായ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

7) സൈറ്റ് ഡയറിയിൽ പ്രവൃത്തിക്കുവേണ്ടി ഉപയോഗിച്ച സാധനസാമഗ്രികളുടെ വിവരം, തൊഴിലുപകരണങ്ങളുടെ വാടക ഇവയൊന്നും രേഖപ്പെടുത്തുന്നില്ല.

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പാക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണം സുതാര്യമല്ല എന്നാണ് മേൽ അപാകതകളിൽ നിന്നും വ്യക്തമാകുന്നത്. പ്രസ്തുത അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. അപാകതകളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ബി) ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന 40 mm മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡസ് കുറവ് ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളൂ. (Specification : 1- 27-2-3). എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെ കരാറുകാരൻ ലഭ്യമാക്കിയ മുഴുവൻ അളവിനും മൂല്യം നിർണ്ണയിക്കുക വഴി താഴെപ്പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ ലഭ്യമാക്കിയ 40mm മെറ്റലിന്റെ അളവ് | അനുവദിച്ച തുക 2032/$m^3$ | 7.5% വോയ്ഡ്സ് കുറവ് ചെയ്തതിന് ശേഷമുള്ള അളവ് | അനുവദനീയമായ തുക | അധികം നൽകിയത് | അളവുപുസ്തകം |
|---|---|---|---|---|---|---|---|
| 1 | തൈവേലിക്കകത്ത് നടപ്പാത നിർമ്മാണം വാർഡ് 7 | 3.46 $m^3$ | 7030 | 3.20 | 6502 | 528 | 46/2018-19 |
| 2 | വാലയിൽ നടപ്പാത നിർമ്മാണം വാർഡ് 13 | 13.66 $m^3$ | 27757 | 12.64 | 25684 | 2073 | 39/2018-19 |
| 3 | എൻ.എച്ച്. കോതാട്ടുവെളി നടപ്പാത കോൺക്രീറ്റിംഗ് വാർഡ് 9 | 10.62 | 21580 | 9.82 | 19954 | 1626 | 26/2018-19 |
| 4 | എൻ.സി.സി പഴക്കാട്ട് നടപ്പാത നിർമ്മാണം വാർഡ് 11 | 17.6 $m^3$ | 35763 | 16.28 | 33081 | 2682 | 132/2017-18 |
| 5 | കരേതോട് നികർത്തിൽ നടപ്പാത നിർമ്മാണം വാർഡ് 15 | 4.60 $m^3$ | 9347 | 4.25 | 8636 | 711 | 48/17-18 |
| 6 | കൊട്ടപ്പള്ളി നടപ്പാത നിർമ്മാണം വാർഡ് 15 | 6.36 | 12923 | 5.88 | 11954 | 969 | 119/2017-18 |
| 7 | വട്ടത്തറ- റ്റി.ഡി നടപ്പാത നിർമ്മാണം വാർഡ് 15 | 2.77 $m^3$ | 5628 | 2.56 | 5202 | 426 | 120/2017-18 |
| 8 | മാത്തിപ്പറമ്പ് നടപ്പാത നിർമ്മാണം വാർഡ് 9 | 5.4 $m^3$ | 10972 | 5 | 10160 | 812 | 71/2017-18 |
| 9 | കോതങ്ങനാട്ട് നടപ്പാത നിർമ്മാണം വാർഡ് 14 | 5.8 $m^3$ | 11379(5.6 m3) | 5.37 | 10912 | 467 | 125/2017-18 |
| 10 | റ്റി.ഡി - അഴകനാട്ട് നടപ്പാത നിർമ്മാണം വാർഡ് 14 | 11.7 $m^3$ | 23774 | 10.82 | 21986 | 1788 | 100/17-18 |
| 11 | നെട്ടംചിറ- പാണ്ട്യാലയ്ക്കൽ നടപ്പാത നിർമ്മാണം വാർഡ് 4 | 26.91 | 54681 | 24.89 | 50576 | 4105 | 133/2017-18 |
| 12 | ദേവസ്വംതറ നടപ്പാത നിർമ്മാണം വാർഡ്13 | 1.65 $m^3$ | 3353 | 1.53 | 3109 | 244 | 33/17-18 |
| 13 | പാലാഞ്ഞി നടപ്പാത നിർമ്മാണം വാർഡ് 7 | 28.27 $m^3$ | 57444 | 26.15 | 53137 | 4307 | 32/17-18 |
| 14 | മത്സ്യഭവൻ സെന്റ് | 8.97 | 18227 | 8.29 | 16845 | 1382 | 128/2017-18 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സെബാസ്റ്റ്യൻ ചർച്ച് നടപ്പാത നിർമ്മാണം വാർഡ് 16 | | | | | | |
| 15 | മുല്ലപ്പള്ളി നടപ്പാത നിർമ്മാണം വാർഡ് 6 | 8.69 | 17658 | 8.03 | 16317 | 1341 | 117/2017-18 |
| 16 | ചാവടി റസിഡൻസ് നടപ്പാത കോൺക്രീറ്റിംഗ് വാർഡ് 14 | 20.9 $m^3$ | 41432(20.39m3) | 19.33 | 39279 | 2153 | 118/2017-18 |
| 17 | ചാത്തംവേലി - കൈനിമുറ്റം കാന നിർമ്മാണം വാർഡ് 9 | 7.3 $m^3$ | 14813 (7.29) | 6.75 | 13716 | 1097 | 129/2017-18, 130/2017-18 |
| 18 | കളത്തിൽ കാന നിർമ്മാണം വാർഡ് 6 | 4$m^3$ | 8026 (3.95m3) | 3.7m3 | 7518 | 508 | 99/17-18, 110/17-18 |
| 19 | 99-ാം നമ്പർ അങ്കണവാടി നടപ്പാത നിർമ്മാണം | 7.03 | 14285 | 6.50 | 13208 | 1077 | 136/2017-18 |
| | **ആകെ** | | | | | **28296** | |

ഈ അപാകതയിൻമേൽ വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അറിവില്ലായ്മ മൂലമാണ് കറവ് ചെയ്യാതിരുന്നത് എന്ന് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി. ഈ ഇനത്തിൽ ഉണ്ടായ അധികചെലവ് 28296/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

**സി) <u>മണലിന് അധികനിരക്ക് നൽകി</u>**

ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ Coarse sand Zone III എന്നതിന് അനുവദിച്ചിട്ടുള്ള നിരക്ക് 1670/$m^3$ ആണ്. എന്നാൽ 4 പ്രവൃത്തികളിൽ ഈ ഇനത്തിന് 2200/$m^3$ നിരക്കാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. എന്നാൽ മറ്റ് പ്രവൃത്തികളിലെല്ലാം തന്നെ 1670/$m^3$ നിരക്കാണ് കരാറുകാർക്ക് നൽകിയിട്ടുള്ളത്. ഒരേ സമയം നടപ്പാക്കിയ പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്ക് അനുവദിക്കുക വഴി 25345/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | Coarse Sand അളവ് | നൽകിയ തുക @2200/$m^3$ | നൽകാവുന്ന തുക @1670/$m^3$ | അധികം | കരാറുകാരൻ | അളവുപുസ്തകം |
|---|---|---|---|---|---|---|
| 99-ാം നമ്പർ അങ്കണവാടി നടപ്പാത നിർമ്മാണം | 7.49 $m^3$ | 16478 | 12508 | 3970 | അരവിന്ദ്.എൻ.എ | 136/2017-18 |
| കരേത്തോട് നികർത്തിൽ നടപ്പാത നിർമ്മാണം | 4.9 $m^3$ | 10780 | 8183 | 2597 | പ്രവീൺകുമാർ | 48/17-18 |
| കൊട്ടപ്പള്ളി നടപ്പാത നിർമ്മാണം | 6.77 $m^3$ | 14894 | 11306 | 3588 | പ്രവീൺകുമാർ | 119/2017-18 |
| നെട്ടുചിറ പാണ്ഡ്യാലയ്ക്കൽ നടപ്പാത നിർമ്മാണം | 28.66 $m^3$ | 63052 | 47862 | 15190 | അരവിന്ദ്.എൻ.എ | 133/2017-18 |
| **ആകെ** | | | | **25345** | | |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്യർ സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വന്നപ്പോൾ എസ്റ്റിമേറ്റിൽ വ്യത്യാസം വന്നതുമൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് വിശദീകരണം നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത നാല് പ്രവൃത്തികളുടേയും ടെൻഡറിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള നിരക്ക് 1670/$m^3$ ആയതിനാൽ അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

**ഡി) <u>GST ഇനത്തിൽ 2% റ്റി.ഡി.എസ് ഈടാക്കാതെ കരാറുകാർക്ക് തുക അനുവദിച്ചു</u>**

GST രജിസ്ട്രേഷനുള്ള കരാറുകാരൻ സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ മൂല്യം 2.5 ലക്ഷത്തിൽ കൂടുതലാണെങ്കിൽ 2% തുക ജി.എസ്.ടി റ്റി.ഡി.എസ് ആയി ഉറവിടത്തിൽ കുറവ് ചെയ്തതിനുശേഷമാണ് കരാറുകാരന് തുക അനുവദിക്കേണ്ടത്. എന്നാൽ 2018-19 വർഷം മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ജി.എസ്.ടി ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാർ ജി.എസ്.ടി. അടവാക്കിയിട്ടുണ്ടെന്നും രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. കരാറുകാരൻ മെറ്റീരിയൽസ് സപ്ലൈ ചെയ്തതിന്റെ ബില്ലുകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മാത്രമല്ല, സ്കിൽഡ്/സെമി സ്കിൽഡ് വേതനം ഉൾപ്പെടെയുള്ള തുകയാണ് 12 പ്രവൃത്തികളിൽ കരാറുകാരന് അനുവദിച്ചിട്ടുള്ളത്. ശ്രീ.പ്രവീൺകുമാർ, ശ്രീ.അരവിന്ദ്, ശ്രീ.പ്രസാദ്, ശ്രീ.സുദർശനൻ എന്നീ കരാറുകാർ സപ്ലൈ ചെയ്ത മെറ്റീരിയൽസിന് 2018-19 വർഷം അനുവദിച്ച തുക കണക്കാക്കേണ്ടതും 2% ടി.ഡി.എസ് അടച്ചതിന്റെ രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### [<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

ഇല്ല

## <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### [<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

# 3-1 വി.ഇ.ഒ നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാണം പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഭവനപുനരുദ്ധാരണം (എസ്.സി.) എന്ന പ്രോജക്ടിൽ (പ്രോ നം. 165/19) അടങ്കൽ 11,25,000/- രൂപ (വികസന ഫണ്ട് 11 ലക്ഷം, തനത് ഫണ്ട്- 25000) നിശ്ചയിച്ച് 11,25,000/- രൂപ ചെലവ് വന്നതായി സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തിട്ടില്ല. ശ്രീമതി ശാന്ത മുട്ടതറ എന്ന ഗുണഭോക്താവ് 78000/- രൂപയുടെ പ്രവൃത്തിയുടെ എസ്റ്റിമേറ്റും മൂല്യ നിർണ്ണയ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ടിയാൾക്ക് ആകെ 50000/- രൂപയാണ് നൽകിയിട്ടുള്ളത് (ബിൽ നം. 18/18-19/15.11.18-265000/- പിൻവലിച്ചതിൽ നിന്ന് 35000/- രൂപയും ബിൽ നം. 28/18-19/25.03.19- 95000/- പിൻവലിച്ചതിൽ നിന്ന് 15000 രൂപയും). വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. വി.ഇ.ഒ യുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹതയ്ക്കനുസൃതമായി ബാക്കി തുക നൽകേണ്ടതാണ്.

ശ്രീമതി.ചന്ദ്രിക മോഹനൻ എന്ന ഗുണഭോക്താവ് ഹാജരാക്കിയ എസ്റ്റിമേറ്റും മൂല്യനിർണ്ണയ സാക്ഷ്യപത്രവും 74000/- രൂപയുടേതാണ്. എന്നാൽ ടിയാൾക്ക് 75000/ - രൂപ നൽകിയതായി കാണുന്നു. (ബിൽ നം. 8/18-19/22.09.18-പ്രകാരം പിൻവലിച്ച 245000/- നിന്ന് 35000/- രൂപയും ബിൽ നം. 12/18-19/15.10.18 പ്രകാരം പിൻവലിച്ച 1,70,000/- നിന്ന് 40000/- രൂപയും ഉൾപ്പെടെ ആകെ 75000/- രൂപ).

കൂടാതെ മേൽ പ്രോജക്ടിലെ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ മിക്ക ഗുണഭോക്താക്കളും പട്ടികജാതി വികസനവകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. മൂല്യനിർണ്ണയത്തിലധികരിച്ച് നൽകിയ 1000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 കുന്നേൽ കോളനി റോഡ് റീടാറിംഗ്-അധിക തുക നൽകി

2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തിയ "കുന്നേൽ കോളനി റോഡ് റീടാറിംഗ്" (പ്രോജക്ട് നം. 178/19) എന്ന പ്രവൃത്തി ഗുണഭോക്തൃസമിതി വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് MORD സ്പെസിഫിക്കേഷനിൽ പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തിരമാണ് തയാറാക്കിയിട്ടുള്ളത്. (Est No. 2016/25813). പ്രസ്തുത എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് 10 % ഉൾപ്പെടെയുള്ള നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. (കാന നിർമ്മാണം പ്രവൃത്തി ഒഴികെ). ഫൈനൽ ബിൽ പ്രകാരം എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ള ഓവർഹെഡ് ചാർജ്ജ് (10%) ഉൾപ്പെടെയാണ് റോഡ് പ്രവൃത്തിയ്ക്ക് തുക അനുവദിച്ച് നൽകിയിരിക്കുന്നത്.

പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

*അടങ്കൽ – 337981/- (തനത് ഫണ്ട്)*

*പ്രവൃത്തി മൂല്യം- 298760/-*

*ഡിപ്പാർട്ട്മെന്റ് സപ്ലൈ ടാർ വില (-)- 37019*

*ചെലവ് – 261741/- ( ചെക്ക് നം. 1838587/29.03.19- 249759/-)*

*നികുതികൾ/മറ്റ് കിഴിവുകൾ- 11982/- (IT @ 2%, KCWWF 1% & Fine @1% ) (ചെക്ക് നം. 1838585/29.03.19 – 5976 & ചെക്ക് നം. 1838586/29.03.19- 2988 )*

*കൺവീനർക്ക് നൽകിയ തുക- 249759/-*

*കൺവീനർ- ജയകുമാർ. ആർ*

*കരാർ നം./തീയതി- 05/AE/LSGD/KTD/2016-17 തീയതി 07.01.17*

*പ്രവൃത്തി ആരംഭിച്ച തീയതി: 07.01.2017*

*പ്രവൃത്തി പൂർത്തീകരിച്ച തീയതി: 31.01.2019*

സർക്കാർ ഉത്തരവ് നം. 30/2016/ധനം തീയതി 29.02.2016 പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ടി പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ടി ഗുണഭോക്തൃകമ്മിറ്റികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിരുന്നു. 01.07.2017 മുതൽ VAT നു പകരം GST നിലവിൽ വന്നതിനാൽ VAT ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത VAT-ന്റെ 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018-ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാറ്റിന്റെ 5% തുക ബില്ലിൽ കുറവ് ചെയ്യാതിരുന്നതിനും ക്രമവിരുദ്ധമായി 2.5% ഓവർഹെഡ് ചാർജ്ജ് അധികം നൽകിയതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.12/12.11.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

റോഡ് പ്രവൃത്തിയുടെ മൂല്യം- 266054

ഡ്രെയിനേജ് പ്രവൃത്തിയുടെ മൂല്യം (ഗുണഭോക്തൃ നിരക്കിൽ എസ്റ്റിമേറ്റ് തയാറാക്കിയത്) – 32706(MB P No. 19-21)

ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയത്- 298760

സർക്കാർ നിർദ്ദേശപ്രകാരം കണക്കാക്കേണ്ടിയിരുന്ന പ്രവൃത്തിമൂല്യം താഴെ കൊടുക്കുന്നു.
റോഡ് പ്രവൃത്തിമൂല്യം – 266054
(2.5%)OH deduction on Road works- 6047 (-)
കണക്കാക്കേണ്ടിയിരുന്ന റോഡ് പ്രവൃത്തി മൂല്യം- 260007
ആകെ പ്രവൃത്തി മൂല്യം- 260007+32706 = 292713
വാറ്റിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്ന 5% – 14636
അറ്റ പ്രവൃത്തി മൂല്യം- 278077/-
*ഡിപ്പാർട്ട്മെന്റ് സപ്ലൈ ടാർ വില (-)- 37019*
നികുതികൾ, മറ്റ് കിഴിവുകൾ- 11359/-
കൺവീനർക്ക് നൽകേണ്ടിയിരുന്ന തുക – 229699/- രൂപ
നൽകിയ തുക- *249759/-രൂപ*
*അധികം നൽകിയ തുക -20060/- രൂപ*
*അധികം നൽകിയ തുക* കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നുമോ തിരികെ ഈടാക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കിയ ചില മരാമത്ത് പ്രവൃത്തികളിൽ തുക അധികം നൽകി

2016-17ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്പിൽ ഓവർ പദ്ധതിയായി 2018-19 -ൽ ഗുണഭോക്തൃസമിതി വഴി പൂർത്തീകരിച്ചതാണ് തെരുവിൽ ചിറ റോഡ് മെറ്റലിംഗ് & ടാറിംഗ്, നസ്രാണി സമാജം റോഡ് മെറ്റലിംഗ് & ടാറിംഗ് എന്നീ രണ്ട് മാരാമത്ത് പ്രവൃത്തികൾ. ഡി.എസ്.ആർ.പ്രകാരം തയാറാക്കിയ എസ്റ്റിമേറ്റിൽ ഗുണഭോക്തൃസമിതി നിരക്കാണ് അനുവദിച്ചിട്ടുള്ളത്. 01.07.2017 മുതൽ VAT ന പകരം GST നിലവിൽ വന്നതിനാൽ VAT ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത VAT- ഇനത്തിൽ 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018-ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയത് പ്രകാരം 5% തുക പ്രവൃത്തി മൂല്യത്തിൽ നിന്നും കുറച്ചിട്ടുണ്ട്. എന്നാൽ മേൽ രണ്ട് പ്രവൃത്തികളിലും നികുതി കംപോണന്റ് @ 6% പ്രവൃത്തിമൂല്യത്തിൽ കൂട്ടിയിട്ട് ആദായനികുതി ഇനത്തിൽ 2% ഉം നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതമിനിത്തിൽ 1% ഉം ബില്ലിൽ കിഴിച്ചിട്ടുണ്ട്.
വിശദാംശം ചുവടെ കൊടുക്കുന്നു.
1)പ്രോജക്ട് നം. 68/17 നസ്രാണി സമാജം റോഡ് മെറ്റലിംഗ് & ടാറിംഗ്
അടങ്കൽ : 265000/- (തനത് ഫണ്ട്)
ചെലവ് : 210554/-
(ചെക്ക് നം. 1838551/10.01.19- 203093/-
ചെക്ക് നം. 1838550/10.01.19- 2487/-
ചെക്ക് നം. 1838549/10.01.19- 4974/-)
പ്രവൃത്തി മൂല്യം- 246966/-
Add tax @ 6%- 14818/-രൂപ
ആകെ – 261784/-രൂപ
5% VAT deduction – 13089/-രൂപ
അറ്റ പ്രവൃത്തി മൂല്യം- 248695/- രൂപ
TAR amt deduction – 35531/-രൂപ
കിഴിവുകൾ- 10071/-
{ആദായനികുതി @2%- 4974/- രൂപ

KCWWF 1%- 2487/-രൂപ
cess- 25
Loading & Unloading – 1.25 x 943.80- 1180/- രൂപ
Sale of Empty Barrel- 1405/- രൂപ}

എം.ബുക്ക് നം. 27/KTD/16-17
കൺവീനർക്ക് നൽകിയ തുക- 203093/- രൂപ
കൺവീനർ- സൈറസ് കെ.വി.
കരാർ നം. 8/AE/LSGD/KTD/16-17/09.01.17

2)പ്രോജക്റ്റ് നം. 70/17 തെരുവിൽചിറ റോഡ് മെറ്റലിംഗ് & ടാറിംഗ് (72/16)
അടങ്കൽ : 400000/- (പ്രത്യേക ഗ്രാന്റ്)
ചെലവ് : 381132/-
(ചെക്ക് നം. 1838531/04.10.18- 7547/-
ചെക്ക് നം. 1838537/24.10.18- 310208/-
ചെക്ക് നം. 1838532/24.10.18- 3737/-
ചെക്ക് നം 1838536/24.10.18- 59640/-)
പ്രവൃത്തി മൂല്യം- 377388/-
Add tax @ 6%- 22642/-രൂപ
ആകെ - 400000/-രൂപ
5% VAT deduction – 18868/-രൂപ
അറ്റ പ്രവൃത്തി മൂല്യം- 381132/- രൂപ
എംബുക്ക് നം. 26/KTD/16-17
TAR amt deduction – 54122/-രൂപ
കിഴിവുകൾ- 16802/-
{ആദായനികുതി @2%- 7547 രൂപ
KCWWF 1%- 3774രൂപ ( ചെക്ക് പ്രകാരം 3737/- രൂപയാണ് നൽകിയത് )
Loading & Unloading – 1.25 x 1912.15- 2390 രൂപ
Sale of Empty Barrel- 3091 രൂപ}
കൺവീനർക്ക് നൽകിയ തുക- 310208/- രൂപ
കൺവീനർ- ബിബിൻ ജോസ്
കരാർ നം. 36/AE/LSGD/KTD/15-16/28.09.15
അതായത് ഗുണഭോക്തൃസമിതിയ്ക്ക് റിക്കവറി ഇനത്തിൽ ബാധ്യത ആകെ 3% ആയിരിക്കേ 6% പ്രവൃത്തിമൂല്യത്തിൽ കൂട്ടിയത് വഴി 3% അധികം അനുവദിച്ചു.
അനുവദനീയമായ തുക താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് | നസ്രാണി സമാജം റോഡ് മെറ്റലിംഗ് & ടാറിംഗ് | തെരുവിൽചിറ റോഡ് മെറ്റലിംഗ് & ടാറിംഗ് |
|---|---|---|
| പ്രവൃത്തി മൂല്യം | 246966/- | 377388/- |
| Add tax @ 3% | 7409 | 11322 |
| ആകെ | 254375 | 388710 |
| 5% VAT deduction | 12719 | 19436 |
| അറ്റ പ്രവൃത്തി മൂല്യം | 241656 | 369274 |
| ടാർ വില (-) | 35531 | 54122 |
| കിഴിവുകൾ (-) | 9859/- | 16596 |
| കൺവീനർക്ക് | 196266 | 298556 |

| | | |
|---|---|---|
| അർഹമായ തുക | | |
| കൺവീനർക്ക് നൽകിയ തുക | 203093 | 310208 |
| അധികം നൽകിയത് | 6827/- | 11652/- |

അധികം നൽകിയ തുക കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അസിസ്റ്റന്റ് എഞ്ചിനീയർ ഉത്തരവാദിയാകുന്നതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 12.6.2019-13.6.2019 | കെ.എസ്.എ.പി 14/545/201/29.6.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 212500 | സ്കോളർഷിപ്പ് | 207363 | 5137 |
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 174250 | നെൽകൃഷിക്ക് കൂലിചെലവ് | 174250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 1596589 | ലൈഫ് മിഷൻ | 1400000 | 196589 |
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 1546000 | ലൈഫ് മിഷൻ(SC) | 0 | 1546000 |
| ജില്ലാപഞ്ചായത്ത് | 2018/19 | 212500 | സ്കോളർഷിപ്പ് | 0 | 212500 |
| ജില്ലപഞ്ചായത്ത് | 2017/18 | 1120000 | ലൈഫ് മിഷൻ | 1120000 | 0 |
| ജില്ലപഞ്ചായത്ത് | 2018/19 | 382589 | ലൈഫ് മിഷൻ(SC) | 0 | 382589 |
| ജില്ലാപഞ്ചായത്ത് | 2018/19 | 600000 | ലൈൻ എക്സ്റ്റൻഷൻ | 503949 | 96051 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും

വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| kSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1566061/ 19.9.18 | 503949 | 0 | 503949 (യു.സി.ലഭ്യമായില്ല) |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 16484168/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക മുതൽ പലിശ | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | KURDFC/A2.289/18/18.9.18 | 16484168 | - | - | 16484168 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5545776 |
| തൻവർഷം ലഭിച്ച പലിശ | 607551 |
| ആകെ | 6153327 |
| പിൻവലിച്ച തുക | 0 |
| നീക്കിയിരുപ്പ് | 6153327 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|---|
| 2009-10 | 3-9 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തി കൾക്ക് നടപടിക്രമം പാലിച്ചില്ല | ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 81731477 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 73094212 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 39539/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 13,12,843 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,000/- | ശ്രീ.മഹേഷ്.വി.ഇ.ഒ, നാലുകുളങ്ങര |
| 3-2 | | 20,060/- | ശ്രീ.ഷംനാദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 18,479/- | ശ്രീ.ജിജു.വി, അസിസ്റ്റന്റ്എഞ്ചിനീയർ |
| | ആകെ | 39,539/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 160000 | ഡോ.സേതുമാധവൻ. കെ.ആർ, മെഡിക്കൽ ഓഫീസർ (PHC) |
| 1-18 | 195800 | ഡോ.സേതുമാധവൻ. കെ.ആർ, മെഡിക്കൽ ഓഫീസർ (PHC) |
| 1-19 | 700000 | ഡോ.സേതുമാധവൻ. കെ.ആർ, മെഡിക്കൽ ഓഫീസർ (PHC) |
| 1-20 | 120000 | ഡോ.സേതുമാധവൻ. കെ.ആർ, മെഡിക്കൽ ഓഫീസർ (PHC) |
| 1-26 | 137043 | ജയശ്രീ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| **ആകെ** | 1312843 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം |
|---|---|---|
| 1-33 | 5,010 | ജി.എസ്.ടി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മഹേഷ്.വി.ഇ.ഒ, നാലുകുളങ്ങര | വി.ഇ.ഒ, കുത്തിയതോട് ഗ്രാമപഞ്ചായത്ത് | പേരപ്രക്കരി, കൊക്കോതമംഗലം,പി.ഒ.,ചേർത്തല |
| ശ്രീ.ജിജു.വി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, റീബിൽഡ് കേരള ഓഫീസ്, സെക്രട്ടേറിയറ്റ്,തിരുവനന്തപുരം | ഹൗസ് നം.127, കിണറ്റുവിലയം, എസ്.എൻ.നഗർ, പേട്ട, തിരുവനന്തപുരം |
| ശ്രീ.ഷംനാദ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കുത്തിയതോട് ഗ്രാമപഞ്ചായത്ത് | മുക്കടത്തറയിൽ, കണ്ണങ്കര ഭാഗം, പന്മന.പി.ഒ, ചവറ, കൊല്ലം |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ.9-180/98/ 3-07-98/10-12-98 |
| 1999-00, 2000-01 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2002-03 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2003-04 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2005-06 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| | |

| | |
|---|---|
| 2006-07 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2007-08 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2008-09 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2009-10 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2010-11&2011-12 | എൽ.എഫ്.എ.പി2- 134/13/21.03.2013 |
| 2012-13 | എൽ.എഫ്.എ.പി2- 101/14/29.04.2014 |
| 2013-2014 & 2014-15 | കെ.എസ്.എ.എ.എൽ.പി/പി2-374/2016/26.03.2017 |
| 2015-16 | കെ.എസ്.എ.എ.എൽ.പി/പി2 -1480/16/28.02.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി/പി2-1184/17/18.09.2017 |
| 2017-2018 | കെ.എസ്.എ.എ.എൽ.പി/പി2-1204/18/21.6.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

.

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ

അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

## അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ